# പ്രൊഫ. ജോസഫ് മുണ്ടശ്ശേരി



യുക്തിവാദ പ്രചരണവേദി

തൃശൂർ – 680 004

# പ്രൊഫ. ജോസഫ് മുണ്ടശ്ശേരി

(ലഘു ജീവചരിത്രം)

കെ. കെ. വാസുമാസ്റ്റർ

യുക്തിവാദപ്രചരണവേദി

തൃശൂർ - 680 004

പ്രൊഫ. ജോസഫ് മുണ്ടശ്ശേരി

കെ. കെ. വാസുമാസ്റ്റർ

കോപ്പി. 1000

2000 ഒക്ടോബർ

പ്രസാധനം :

യുക്തിവാദപ്രചരണവേദി

തൃശ്ശൂർ – 680 004

മുദ്രണം :

കൈരളി പ്രസ്സ്

എം. ജി. റോഡ്, തൃശ്ശൂർ–680 001

ഫോൺ : 424309

വില : 20 ക.



## കെ. കെ. വാസുമാസ്ററർ

ജനനം 1922 മെയ് 22. തൃശ്ശൂർ നഗരത്തിന്റെ കിഴക്കുള്ള കിഴക്കുംപാട്ടുകരയിൽ. അച്ഛൻ കൊല്ലപ്പുള്ളി കൃഷ്ണൻ. അമ്മ കുഞ്ഞുകുട്ടി. തൃശ്ശൂർ സെൻറ് തോമസ് കോളേജ് ഹൈസ്കൂളിൽനിന്നു് എസ്. എസ്. എൽ. സി. പാസ്സായി. ബാങ്കളൂർ ഹിന്ദുസ്ഥാൻ എയർ ക്രാഫ്ററിൽ പരിശീലനത്തിനുശേഷം ചില വ്യവസായസ്ഥാപനങ്ങളിൽ ജോലി നോക്കി. ആസാം ലേബർ യൂണിററിൽ സൂപ്പർ വൈസർ. യുദ്ധാനന്തരം കൊച്ചി പബ്ലിക് ഹെൽത്ത് സർവ്വീസിൽ ക്ലർക്ക്. 1949-ൽ മുക്കാട്ടുകര സർക്കാർ സ്കൂൾ അദ്ധ്യാപകൻ. തൃശ്ശൂർ മോഡൽ ബോയ്സ് ഹൈസ്കൂളിൽനിന്നു് 1977-ൽ റിട്ടയർ ചെയ്തു. സഹകരണ പരിശീലനം നേടിയ മാസ്റ്റർ തൃശ്ശൂർ സഹകരണ യൂണിയൻ സെക്രട്ടറി, കൊച്ചി കേന്ദ്രസഹകരണ കാര്യാലയ ബോർഡ് മെമ്പർ എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. കേരള ഗവൺമെൻറ് പ്രൈമറി ടീച്ചേഴ്സ് അസോസിയേഷൻ ജോയിൻറ് സെക്രട്ടറി, തൃശ്ശൂർ നാടകവേദി ബോർഡ് അംഗം, തൃശ്ശൂർ ആർട്ട് സൊസൈററി സെക്രട്ടറി, കേന്ദ്രകലാസമിതി തൃശ്ശൂർ ജില്ലാ കമ്മിററി പ്രസിഡണ്ട് എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. ഇപ്പോൾ മുണ്ടശ്ശേരി സ്മാരകസമിതി ട്രഷറർ, ജവഹർ ബാലഭവൻ ഡയറക്ടർ എന്നീ നിലകളിൽ പ്രവർത്തിച്ചു വരുന്നു

ഭാര്യ : ചിയ്യാരത്ത് തെക്കെപ്പുരയ്ക്കൽ രാധ.

മക്കൾ : 4 ആണ് 3 പെണ്ണ്. എല്ലാവരും നല്ല നിലയിൽ.

വിലാസം : കെ. കെ. വാസുമാസ്റ്റർ, അർച്ചന,
കിഴക്കുംപാട്ടുകര, തൃശ്ശൂർ - 680 005

## മുണ്ടശ്ശേരിയുടെ കൃതികൾ

ചിന്താമാധുരി (കവിതാസമാഹാരം) 1928
തിലകപാഠാവലി 1930
വിശ്വവിഹാരം (ശാസ്ത്രം) 1934
പ്രബന്ധദീപിക (ഉപന്യാസങ്ങൾ) 1936
ക്രിസ്ത്വനുകരണം (എം. പി. പോളുമൊത്ത്, പരിഭാഷ) 1936
രണ്ടു രാജകുമാരിമാർ (അറബിക്കഥ – പുനരാഖ്യാനം) 1939
കരുണാനിരൂപണം 1939
കൈരളീകടാക്ഷം (കെ. കെ. രാജായുമൊത്ത് – 3 ഭാഗം) 1941
സമ്മാനം (ചെറുകഥകൾ) 1943
മാററൊലി (സാഹിത്യനിരൂപണം) 1943
കടാക്ഷം (ചെറുകഥകൾ) 1944
അന്തരീക്ഷം (സാഹിത്യനിരൂപണം) 1944
കാവ്യപീഠിക (സാഹിത്യനിരൂപണം) 1945
മാനദണ്ഡം (സാഹിത്യനിരൂപണം) 1946
ഇല്ലാപ്പോലീസ് (ചെറുകഥകൾ) 1947
പ്രയാണം (സാഹിത്യനിരൂപണം) 1947
ഒററനോട്ടത്തിൽ (ലേഖനങ്ങൾ) 1947
പ്രൊഫസർ (നോവൽ) 1948
മനുഷ്യകഥാനുഗായികൾ (സാഹിത്യപഠനം) 1948
കരിന്തിരി (ഉപന്യാസങ്ങൾ) 1951
രൂപഭദ്രത (സാഹിത്യനിരൂപണം) 1951
മാക്സിം ഗോർക്കി (ജീവചരിത്രം) 1952
ചൈന മുന്നോട്ട് (യാത്രാവിവരണം) 1953
കൊന്തയിൽനിന്നു കുരിശിലേക്ക് (നോവൽ) 1954
കാലത്തിൻെറ കണ്ണാടി (സാഹിത്യനിരൂപണം) 1954
സ്റ്റണ്ടുകൾ (ലേഖനങ്ങൾ) 1954
പുതിയ കാഴ്ചപ്പാടിൽ (ഉപന്യാസങ്ങൾ) 1955
നീണ്ട കത്തുകൾ (കത്തുകൾ) 1955
മതം അവിടെയും ഇവിടെയും (ഉപന്യാസങ്ങൾ) 1955
മങ്ങാത്ത ഓർമ്മകൾ (ആത്മകഥയുടെ ആമുഖം) 1957

# അവതാരിക

പ്രൊഫ. ജോസഫ് മുണ്ടശ്ശേരിയുടെ ലഘുജീവചരിത്രമാണിതു്. മാസ്റ്ററുടെ സഹപ്രവർത്തകനായിരുന്ന വാസുമാസ്റ്ററാണിതിൻെറ കർത്താവ്. മുണ്ടശ്ശേരിയുടെ ജീവിതത്തെപ്പററി അറിയുവാൻ അദ്ദേഹം രചിച്ച സാമാന്യം വിപുലമായ ആത്മകഥ— കൊഴിഞ്ഞ ഇലകൾ— നമുക്ക ലഭ്യമാണ്. ജീവചരിത്രസംബന്ധമായ വേറെ ചില കൃതികളും പ്രസിദ്ധീകൃതമായിട്ടുണ്ട്. വാസുമാസ്റ്റർ ഇവിടെ ശ്രമിക്കുന്നതു് ആ ജീവിതത്തിലെ നാഴികക്കല്ലുകൾ തൊട്ടുകാണിക്കുവാൻ മാത്രമാണ്. പ്രധാനമായും വിദ്യാർത്ഥികളെ ഉദ്ദേശിച്ചാണ് മാസ്റ്ററുടെ ഈ പരിശ്രമം.

വിധിയോടു പൊരുതിയ ധീരാത്മാവാണ് പ്രൊഫ. ജോസഫ് മുണ്ടശ്ശേരി. ഒട്ടേറെ ശക്തികളോട് അദ്ദേഹത്തിനു

---

(മുണ്ടശ്ശേരിയുടെ കൃതികൾ തുടർച്ച)

രാജരാജൻെറ മാററൊലി (സാഹിത്യപഠനം) 1961
പൊതുവിദ്യാഭ്യാസം എന്ത്? എങ്ങനെ? (ഉപന്യാസങ്ങൾ) 1961
നാടകാന്തം കവിത്വം (സാഹിത്യപഠനം) 1962
വ്യക്തിയിൽനിന്നു പൗരനിലേക്ക് (പഠനം) 1962
ശാസ്ത്രം ജീവിതത്തിൽ (ഉപന്യാസങ്ങൾ) 1964
ഉപന്യാസദീപിക (ലേഖനങ്ങൾ) 1964
ബുദ്ധിമാന്മാർ ജീവിക്കുന്നു (ലഘുജീവചരിത്രങ്ങൾ) 1965
പാറപ്പുറത്തു വിതച്ച വിത്ത് (നോവൽ) 1966
പ്രഭാഷണാവലി (പ്രസംഗങ്ങൾ) 1967
പാശ്ചാത്യസാഹിത്യസമീക്ഷ (സാഹിത്യനിരൂപണം) 1967
നനയാതെ മീൻപിടിക്കാമോ (സാഹിത്യനിരൂപണം) 1967
ആ വീട് (വിവർത്തനം) 1967
വായനശാലയിൽ (പുസ്തകനിരൂപണം - 4 ഭാഗം) 1949-69
കൊഴിഞ്ഞ ഇലകൾ (ആത്മകഥ) 1960-76
ആശാൻകവിത - ഒരു പഠനം (സാഹിത്യപഠനം) 1971
വള്ളത്തോൾ കവിത - ഒരു പഠനം (സാഹിത്യപഠനം) 1971

പടവെട്ടേണ്ടി വന്നിട്ടുണ്ട് —ദാരിദ്ര്യത്തോട്, പാരമ്പര്യത്തോട് യാഥാസ്ഥിതികതയോട്, പൗരോഹിത്യത്തോട്, സാഹിത്യ ക്ഷത്രകയോട്, അസൂയയോട്, എല്ലാം. ഭട്ട നാരായണൻെറ കണ്ണൻ പറഞ്ഞതുപോലെ,

* സൂതോ വാ സൂതപുത്രോ വാ
യോ വാ കോ വാ ഭവാമ്യഹം
ദൈവായത്തം കുലേ ജന്മ
മദായത്തം തു പൗരുഷം

എന്നു് മുണ്ടശ്ശേരി തൻെറ മുന്നോട്ടുള്ള ഓരോ അടിവെപ്പിലും പ്രഖ്യാപിക്കുന്നതായി അനുഭവപ്പെടും, ആ ജീവിതം പഠിച്ചാൽ.

മുണ്ടശ്ശേരി മാസ്റ്ററുടെ വ്യക്തിത്വത്തിന്നു് അനേകം മാന ങ്ങളുണ്ടു്. അദ്ദേഹം വിദ്യാർത്ഥികളുടെ സീമാതീതമായ ആദരവ് ആർജ്ജിച്ച അദ്ധ്യാപകനായിരുന്നു അവകാശങ്ങൾക്കുവേണ്ടി പൊരുതുവാൻ അദ്ധ്യാപകരെ പഠിപ്പിക്കുകയും സംഘടിപ്പിക്കു കയും ചെയ്ത നേതാവായിരുന്നു. പ്രൈവററ് സ്കൂൾ അദ്ധ്യാപക രുടെ വിമോചകനായ നിയമനിർമ്മാതാവായിരുന്നു. സമർത്ഥ നായ വൈസ് ചാൻസലറായിരുന്നു. അധൃഷ്യനായ വാഗ്മിയാ യിരുന്നു. നല്ലൊരു സഹകാരിയായിരുന്നു; പത്രപ്രവർത്തകനാ യിരുന്നു. എന്നാൽ അദ്ദേഹത്തെ അനശ്വരനാക്കുന്നത് അദ്ദേഹ ത്തിൻെറ സാഹിത്യസേവനമാണു്. മലയാള സാഹിത്യ നിരൂ പണത്തെ കേവലമായ വ്യാഖ്യാനത്തിൻേറയും അലങ്കാര നിർണ്ണ യത്തിൻേറയും മുഖസ്തുതിയുടേയും തലത്തിൽനിന്നു സൗന്ദര്യ ദർശനത്തിൻേറയും രസാസ്വാദനത്തിൻേറയും തലത്തിലേയ്ക്കു് ഉയർത്തിയ രണ്ടുപേരിൽ ഒരാൾ മുണ്ടശ്ശേരിയായിരുന്നു. മറേറ ആൾ കുട്ടികൃഷ്ണമാരാർ തന്നെ. ഈ വക കാര്യങ്ങളെല്ലാം. വാസു മാസ്റ്റർ ഈ പുസ്തകത്തിൽ അത്യന്തം സംക്ഷിപ്തമായി പ്രതി പാദിക്കുന്നുണ്ടു്.

വളരെക്കാലമായി നിലനില്ക്കുന്ന ഒരാവശ്യം നിറവേററു വാൻവേണ്ടിയാണു് വാസുമാസ്റ്റർ ഈ കൃതി രചിക്കുവാൻ

---

* ഞാൻ സൂതനോ സൂതപുത്രനോ ആരോ ഏതോ ആകട്ടെ. ഏതു കുലത്തിൽ ജനിക്കുന്നു എന്നത് ദൈവനിശ്ചയമാണു്. എന്നാൽ എനിക്കധീനപ്പെട്ടതാണു് പൗരുഷം.

തയ്യാറായതു്. മുണ്ടശ്ശേരി സ്മാരക സമിതി അദ്ദേഹത്തിൻെറ ചരമദിനത്തോടനുബന്ധിച്ച് കേരളത്തിലെ വിവിധ ജില്ലക്ളിൽ എസ്. എസ്. എൽ. സി. പരീക്ഷയ്ക്കു് മലയാളത്തിലും സംസ്കൃതത്തിലും ഒന്നാം സ്ഥാനം ലഭിക്കുന്ന വിദ്യാർത്ഥികൾക്കു് 500 രൂപ വീതം ക്യാഷ് അവാർഡും സർട്ടിഫിക്കററും നല്കി വരുന്നുണ്ടു്. കൊല്ലംതോറും ഏകദേശം 60 കുട്ടികൾ വീതം മാസ്റ്ററുടെ പേരിലുള്ള സമ്മാനം കൈപ്പററുന്നതായിക്കാണുന്നു. അവർക്കു മാസ്റ്ററെപ്പററി ഒരേകദേശജ്ഞാനം നല്കുവാൻ ഒരു ചെറിയ ജീവചരിത്രകൃതികൂടി വിതരണം ചെയ്യുന്നതു് നന്നായിരിക്കും എന്നു പലരും അഭിപ്രായപ്പെടാറുണ്ടു്. അത്തരമൊരു ജീവചരിത്രകൃതി രചിക്കണമെന്നു് മുണ്ടശ്ശേരി സ്മാരക സമിതി സ്ഥാപകാംഗങ്ങളിൽ ഒരാളും ആരംഭം മുതൽ ഇന്നുവരെ അതിൻെറ ട്രഷറർ ആയി പ്രവർത്തിക്കുന്ന ആളുമായ കെ. കെ. വാസു മാസ്റ്റർ പലരോടും ആവശ്യപ്പെടുകയുണ്ടായി. അതു സഫലമാകുന്നില്ല എന്നു കണ്ടപ്പോഴാണു് അദ്ദേഹംതന്നെ മുന്നോട്ടു വന്നു് ഈ ലഘുജീവചരിത്രം തയ്യാറാക്കിയിരിക്കുന്നതു്. വാസുമാസ്റ്റർ മുണ്ടശ്ശേരി മാസ്റ്ററുടെ ചിരകാല അനുയായിയും സഹപ്രവർത്തകനുമായിരുന്നു. അദ്ദേഹത്തിൻെറ ഒരാരാധകനുമാണു്. അതിൻെറ ദീപ്തി ഈ കൃതിയിൽ പരന്നുകിടക്കുന്നതായി അനുവാചകർക്കു് കാണാവുന്നതാണു്. വാസുമാസ്റ്ററുടെ ആദ്യത്തെ സാഹിത്യ സംരംഭം ഗുരുദക്ഷിണയായിത്തീർന്നിരിക്കുന്നു.

കണിമംഗലം
16-10-2000

**ഐ. എം. വേലായുധൻ**

# ഒരു ശുക്രനക്ഷത്രത്തിന്റെ ഉദയം

ഭാരതം അനവധി മഹാന്മാക്ക് ജന്മം നൽകിയ നാടാണു്. മഹത്തായ മതങ്ങളുടെ ജന്മനാടാണു്. പുരാണേതിഹാസങ്ങൾക്ക പ്രസിദ്ധമാണു്. മനുഷ്യരാശിയുടെ പുരോഗതിക്കവേണ്ടി ത്യാഗോജ്ജ്വലജീവിതം നയിച്ച മഹാന്മാരെ നാം എന്നുമെന്നും സ്മരിക്കുന്നു. അവരിൽ സാഹിത്യകാരന്മാരുണ്ടു്, കലാകാരന്മാരുണ്ടു്. രാഷ്ട്രീയനേതാക്കന്മാരുണ്ടു്, ശാസ്ത്രജ്ഞന്മാരുണ്ടു്. അങ്ങിനെ ആ പട്ടിക നീണ്ടുപോകുന്നു

കേരളവും ഇത്തരം മഹാന്മാരുടെ ജന്മംകൊണ്ടു് അനുഗൃഹീതമായിട്ടുണ്ടു്. അദ്വൈതത്തിന്റെ ജനയിതാവായ ശങ്കരാചാര്യർ, മനുഷ്യനെ മനുഷ്യനാക്കിത്തീക്കാൻ അഹോരാത്രം പ്രവത്തിച്ച ശ്രീനാരായണഗുരു, സാമൂഹ്യദുരാചാരങ്ങൾക്കു് അറുതിവരുത്താൻ ശ്രമിച്ച ചട്ടമ്പിസ്വാമികൾ തുടങ്ങിയ മഹദ്വ്യക്തികളും തുഞ്ചത്തെഴുത്തച്ഛൻ, കുഞ്ചൻ നമ്പ്യാർ, ചെറുശ്ശേരി തുടങ്ങിയ സാഹിത്യനായകന്മാരും സ്വാതിതിരുനാളിനെപ്പോലെയുള്ള സംഗീതലോകത്തിലെ മുടിചൂടാമന്നന്മാരും, പഴശ്ശിരാജ, വേലുത്തമ്പിദളവ, കുഞ്ഞാലിമരക്കാർ, പാലിയത്തച്ഛൻ തുടങ്ങിയ ധീരദേശാഭിമാനികളും കേരളത്തിന്റെ അഭിമാനസ്തംഭങ്ങളായി നിലനില്ക്കുന്നു.

ആധുനിക മലയാളസാഹിത്യത്തിലേക്ക കടന്നാൽ വള്ളത്തോൾ, കുമാരനാശാൻ, ഉള്ളൂർ, കേരളവമ്മ വലിയകോയിത്തമ്പുരാൻ, എ ആർ. രാജരാജവമ്മ, എം. പി. പോൾ, കുട്ടികൃഷ്ണമാരാർ, പ്രൊഫ. ജോസഫ് മുണ്ടശ്ശേരി, ചങ്ങമ്പുഴ, വയലാർ രാമവമ്മ തുടങ്ങി നിരവധിപേരെ നമുക്കു് ഓക്കുവാൻ കഴിയും. അവരിൽ ഓരോരുത്തരും അവരുടേതായ പാതകളിൽക്കൂടി സഞ്ചരിച്ച് ഒരു പ്രത്യേകവ്യക്തിത്വം സൃഷ്ടിച്ചിട്ടുള്ളവരാണു്. പഠനാഹങ്ങളായ പല സംഭാവനകളും അവർ ഭാവിതലമുറക്ക നൽകിയിട്ടുണ്ടു്. ഭാരതീയസംസ്കാരത്തിന്റെ വളച്ച്യുടെ ചരിത്രം പരിശോധിച്ചാൽ മാത്രമേ ഇവർ ചെയ്തിട്ടുള്ള സംഭാവനകളെ വിലയിരുത്തുവാൻ കഴിയുകയുള്ളു.

ഓരോ സാഹിത്യസൃഷ്ടിയുടേയും മാററുരച്ച് അതിൻെറ മൂല്യനിർണ്ണയത്തിൽ പ്രധാനപങ്കു വഹിച്ചിട്ടുള്ള നിരൂപണ സാഹിത്യകാരന്മാരാണ് ശരിക്കു പറഞ്ഞാൽ ഓരോ സാഹിത്യസൃഷ്ടിയുടേയും കുററങ്ങളും കുറവുകളും വായനക്കാരിൽ എത്തിച്ചിട്ടുള്ളത്. അവയിൽ ആഴത്തിലേയ്ക്ക് ഇറങ്ങിച്ചെന്നു മുത്തുച്ചിപ്പികൾ തപ്പിയെടുത്തവരെ വളരെ വിരളമായിട്ടുമാത്രമേ കാണാൻ കഴിഞ്ഞിട്ടുള്ളു. അവരിൽ ചിലർക്കെങ്കിലും ചില പാളിച്ചകൾ പററിയിട്ടുള്ളതു് നമ്മൾ മനസ്സിലാക്കിയിട്ടുള്ളതാണ്. അക്കാരണത്താൽ സാഹിത്യരംഗത്തുതന്നെ ചേരിത്തിരുവുകൾ ഉണ്ടായിവന്നതും ആ ചേരിത്തിരുവുകൾ ഒരു ഘട്ടംവരെ ഉണ്ടാക്കിത്തീർത്ത കോലാഹലങ്ങളും പലക്കും അറിയാവുന്ന .വസ്തുതകളാണ്. മേഘാവൃതമായ സാഹിത്യനഭോമണ്ഡലത്തിൽ അക്കാലത്തു ശോഭ ചൊരിഞ്ഞുകൊണ്ടിരുന്ന പല നക്ഷത്രങ്ങളും ഉണ്ടായിരുന്നു. അക്കൂട്ടത്തിൽ ഉദിച്ചുയൻ ശുക്രനക്ഷത്രമാണ് പ്രൊഫ. ജോസഫ് മുണ്ടശ്ശേരി.

## ജനനം

ഒരു കാലത്തു് പ്രസിദ്ധമായിരുന്ന ഒരു നാട്ടുരാജ്യമായിരുന്നു കൊച്ചി. കൊച്ചിത്തുറമുഖം അക്കാലത്തും പ്രസിദ്ധമായിരുന്നു. അവിടെ കപ്പലിൽ വരുന്ന ചരക്കുകൾ പത്തേമാരികൾ വഴി കായലുകൾ, തോടുകൾ എന്നിവയിലൂടെ കൊച്ചിയുടെ പല ഭാഗങ്ങളിലേയ്ക്കും എത്തിക്കപ്പെട്ടിരുന്നു. അങ്ങനെ ചരക്കുകൾ എത്തിയിരുന്ന ഒരു കൊച്ചുഗ്രാമപ്രദേശമായിരുന്നു കണ്ടശ്ശാങ്കടവ് എന്ന പ്രദേശം. തൃശ്ശൂർ പട്ടണത്തിൽനിന്നു പത്തു പന്ത്രണ്ടുനാഴിക ദൂരെ പടിഞ്ഞാറായി കിടക്കുന്ന ആ ഗ്രാമം അന്നൊന്നും അത്ര പ്രസിദ്ധമായിരുന്നില്ല. തെങ്ങിൻതോപ്പുകൾ നിറഞ്ഞ ആ പ്രദേശം ഇടുങ്ങിയ വഴികളാൽ ചുററപ്പെട്ടതായിരുന്നു. ചീഞ്ഞതൊണ്ടിൻെറ ദുർഗ്ഗന്ധം ഏശാത്ത ഇടങ്ങൾ അധികമുണ്ടായിരുന്നില്ല.

അങ്ങനെ ഇടുങ്ങിയ ഒരു പ്രധാനവഴിയുടെ ഇരുഭാഗത്തായി ഏതാനും കച്ചവടസ്ഥാപനങ്ങൾ അക്കാലത്തുണ്ടായിരുന്നു. ഗ്രാമവാസികളിൽ കത്തോലിക്കാ കുടുംബങ്ങളും ഈഴവ കുടുംബങ്ങളും ഉണ്ടായിരുന്നു. കത്തോലിക്കാകുടുംബങ്ങളിൽ അക്കാലത്ത് അറിയപ്പെട്ടിരുന്ന കുടുംബങ്ങളാണ് തോട്ടുങ്ങൽ, മുണ്ടശ്ശേരി തുടങ്ങിയവ. ടിപ്പുവിന്റെ ആക്രമണകാലത്തു കുടിയേറിപ്പാർത്തവരാണത്രേ ഇവരുടെയെല്ലാം മൂലകുടുംബക്കാർ. ഭൂസ്വത്തും കച്ചവടവുമായി താമസമാക്കിയ മൂലകുടുംബങ്ങൾ പിരിഞ്ഞ് ഒരു വിഭാഗം മുണ്ടശ്ശേരി എന്നൊരു ഇല്ലപ്പറമ്പിൽ താമസമാക്കിയതിനാൽ ആ ശാഖയിൽപ്പെട്ടവർ മുണ്ടശ്ശേരി കുടുംബക്കാർ എന്നറിയപ്പെടുവാൻ ഇടയായി.

ഈ കുടുംബക്കാരിൽതന്നെ സാമ്പത്തികശേഷിയുള്ളവരും ഇല്ലാത്തവരും ഉണ്ടായിരുന്നു. അവരിൽ സാമ്പത്തികശേഷി കുറഞ്ഞ മുണ്ടശ്ശേരി തറവാട്ടിലെ കുഞ്ഞുവറീതിന്റെയും അരനാട്ടുകര തേറാട്ടിൽ തറവാട്ടിലെ ഇളച്ചിയുടേയും ഏകസന്താനമായിരുന്നു നമ്മുടെ കഥാപുരുഷനായ പ്രൊഫ. ജോസഫ് മുണ്ടശ്ശേരി. അദ്ദേഹം 1903 ജൂലൈ 17-ാം തിയ്യതിയാണ് ജനിച്ചത്.

ജോസഫിന്റെ ജനനകാലത്ത് ആ കുടുംബം ഒരു വാടകകെട്ടിടത്തിലാണ് താമസിച്ചിരുന്നത്. സ്വന്തമായ ഒരു ഇരിപ്പിടം അവർക്കുണ്ടായിരുന്നില്ല. ക്ലേശകരമായ ഒരു ജീവിതമാണ് അക്കാലത്ത് ആ കുടുംബത്തിനുണ്ടായിരുന്നത്. പിതാവിനുണ്ടായൊരു ചെറിയ ഏർപ്പാടുകൊണ്ടു കുടുംബകാര്യങ്ങൾ ഒരുവിധം നിർവ്വഹിച്ചുപോന്നു. സമ്പന്നരായ സ്വന്തക്കാരുണ്ടായിരുന്നിട്ടും ആവശ്യഘട്ടങ്ങളിലൊന്നു തിരിഞ്ഞുനോക്കുകയുണ്ടായിട്ടില്ലെന്നു മാസ്റ്റർതന്നെ പലപ്പോഴും പറയാറുണ്ടായിരുന്നു. എങ്കിലും ഏകമകനെ വളർത്തി ഉന്നതനിലയിലെത്തിക്കണമെന്ന് അദ്ദേഹത്തിന്റെ മാതാവ് നിശ്ചയിച്ചിരുന്നു. ജോസഫിന്റെ എല്ലാ വിജയത്തിന്റെയും അടിത്തറ ആ വാത്സല്യനിധിയായ മാതാവാണെന്നു പറഞ്ഞാൽ അതു് അതിശയോക്തിയായിരിക്കുകയില്ല.

# അറിവിൻെറ മണ്ഡലത്തിലേയ്ക്ക്

ജോസഫിൻെറ വീടിനടുത്തായിരുന്നു കണ്ടശ്ശാംകടവു ലോവർ സെക്കണ്ടറി സ്കൂം. സാധാരണനിലയിൽ ജോസഫും അവിടെ പഠനം ആരംഭിച്ചു. കുറഞ്ഞ സമയത്തിനുള്ളിൽതന്നെ സഹപാഠികളുടേയും അദ്ധ്യാപകരുടേയും ശ്രദ്ധപിടിച്ചുപററാൻ ജോസഫിനു കഴിഞ്ഞു. വിദ്യാത്ഥികളിൽ ജോസഫിനെ അറിയാത്തവർ ചുരുക്കമായിരുന്നു. നാലാം ക്ലാസിൽ എത്തിയതോടെ ഒരു വിദ്യാത്ഥിനേതാവു തന്നെയായി. നാലാം ക്ലാസിലെ മോണിററർ സ്ഥാനം (ഇന്നത്തെ ക്ലാസ് ലീഡർ) ജോസഫിനായി. മോണിററർമാക്ക് ഒരു ഉപാദ്ധ്യാപകൻെറ സ്ഥാനം തന്നെയുണ്ടായിരുന്നു. ക്ലാസിലെ കുട്ടികളുടെ അച്ചടക്ക കാര്യത്തിലായാലും പഠനകാര്യത്തിലായാലും മോണിററക്കു കാര്യമായ പങ്കുണ്ടായിരുന്നു. സഹപാഠികളുടേയും അദ്ധ്യാപകരുടേയും ഇടയിൽ അറിയപ്പെടുന്ന ഒരു വിദ്യാത്ഥിയായി ജോസഫ് ഉയന്നു.

അക്കാലത്ത് നാലാംക്ലാസിൽ സർക്കാർ പരീക്ഷയായിരുന്നു. അത് ഒരു കടമ്പതന്നെയായിരുന്നു. അദ്ധ്യാപകർ വിദ്യാത്ഥികറംക്കായി പ്രത്യേക ചോദ്യങ്ങളും ഉത്തരങ്ങളും തയ്യാറാക്കിക്കൊടുക്കും. അവ ബോർഡിൽ എഴുതി മററു കുട്ടികളെക്കൊണ്ട് പകത്തിക്കുന്ന ചുമതല ജോസഫിനായിരുന്നു. അക്കാര്യങ്ങറം ചിട്ടയോടെ ചെയ്യുന്നതിൽ ജോസഫ് സമത്ഥനായിരുന്നു. പ്രഗത്ഭരായിരുന്നു അന്നത്തെ അദ്ധ്യാപകരെന്നു മാസ്റ്റർതന്നെ പിന്നീട് രേഖപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹത്തിൻെറ ഒരദ്ധ്യാപകനായിരുന്ന ശ്രീ. പി. ഗോവിന്ദമേനോനെപ്പററി മാസ്റ്റർ പറഞ്ഞിരിക്കുന്നത് ശ്രദ്ധേയമാണ്.

“വികൃതി കാണിച്ചതിൻെറ പേരിൽ ഞാൻ ആരെ കുറിച്ചെങ്കിലും റിപ്പോർട്ടു ചെയ്യുവെന്നിരിക്കട്ടെ. ആ കുട്ടിയെ അദ്ദേഹം ശിക്ഷിച്ചുകളയും. പരീക്ഷയ്ക്കു പഠിപ്പിക്കുവാൻ കേമനായിരുന്നുവെങ്കിലും അദ്ദേഹത്തിൻെറ ശിക്ഷണരീതിയെ ശരിവെയ്ക്കാൻ പ്രയാസമാണ്. അദ്ദേഹത്തിൻെറ തലമുറക്കാരായ

അദ്ധ്യാപകർ പരക്കെ അംഗീകരിച്ചിരുന്ന നാലുപായങ്ങളുണ്ട്. മണലിട്ടു തിരുമ്മൽ, ഉള്ളൻകയ്യിന്മേലടി, ബഞ്ചിൽ കയററി നിത്തൽ, ഇംപോസിഷൻ. പെൺകുട്ടികളിൽ നാലിൽ രണ്ടേ പ്രയോഗിക്കുമായിരുന്നുള്ളു. ഞങ്ങളിൽ തന്നെയുണ്ടായിരുന്ന ഏതാനും പട്ടവികൃതികൾ ആ പക്ഷഭേദം പാടില്ലെന്നു വാദിച്ച് ഒരിക്കൽ ബഹളം കൂട്ടി. നാലും നടപ്പിലാക്കിയാൽ ക്ലാസിൽ ഹാജരാവുകയില്ലെന്നു ഒരു മിടുക്കത്തി വീറോടെ വാദിച്ചതിനാൽ ലഹളക്കാർ ഒതുങ്ങി.''

അന്ന് ആ സ്കൂളിൽ ഏഴാം ക്ലാസ് വരെയെയുണ്ടായിരുന്നുള്ളു. അതിനാൽ ഏഴാം ക്ലാസ് വിദ്യാൎത്ഥികൾ ആ വിദ്യാലയത്തിലെ നേതാക്കന്മാരായിരുന്നു. എങ്കിലും ആ വിദ്യാലയം വിട്ടു പോകുന്നതിലും കൂട്ടപിരിയുന്നതിലും ഏവരും ദുഃഖിതരായിരുന്നു.

അക്കാലത്തു് ആ പ്രദേശത്തുള്ള കുട്ടികൾക്ക് ഉയൎന്ന ക്ലാസുകളിൽ പഠിക്കണമെങ്കിൽ അടുത്തൊന്നും സ്കൂളുകളുണ്ടായിരുന്നില്ല. ജോസഫിനെ സംബന്ധിച്ച ഭാവി പഠനം ഒരു പേടി സ്വപ്നമായി നിലകൊണ്ടു. എന്നാൽ അടുത്തവൎഷം ആ വിദ്യാലയം ഒരു ഹൈസ്കൂളായി ഉയൎത്താൻ പോകുന്ന വാൎത്ത ജോസഫിന് അല്പം ആശ്വാസം നൽകി. പക്ഷേ പഠിക്കാനുള്ള പണം? അതൊരു പ്രശ്നമായി ജോസഫിനെ അലട്ടിക്കൊണ്ടിരുന്നു. ഫീസ്, പുസ്തകങ്ങൾ എങ്ങനെ സംഘടിപ്പിക്കാൻ സാധിക്കും. വലിയൊരു ചോദ്യചിഹ്നമായി നിലകൊണ്ടു. ആ സന്ദൎഭത്തിൽ അദ്ദേഹത്തിൻെറ ജീവിതത്തിൽ മറക്കാനാവാത്ത ഒരു സംഭവം നടന്നത് അദ്ദേഹംതന്നെ ഇങ്ങനെ വിവരിക്കുകയുണ്ടായി. ''വെക്കേഷൻ തുടങ്ങി കുറെ ആയപ്പോൾ സെക്കണ്ടറിയിലെ ഹെഡ്മാസ്റ്റർ ശ്രീ. എൻ. വി. മഹാദേവയ്യർ ബി. എ. എൽ. ടിക്കു മാററമായി. ഞങ്ങളൊരഞ്ചാറു പേരുണ്ടായിരുന്നു അദ്ദേഹത്തിൻെറ പ്രിയപ്പെട്ടവരായിട്ട്. ഒരു രാത്രി അടോടെ മഴയാണ്. അദ്ദേഹം വീട്ടിൽ വന്നെന്നെ വിളിച്ചുണൎത്തി കടവത്തേയ്ക്കു കൊണ്ടുപോയി. കുടുംബത്തെ മുഴുവൻ കേവഞ്ചിയിൽ കയററി ഞാറയ്ക്കലേയ്ക്കു പോകാൻ തയ്യാറായി നില്ക്കുകയായിരുന്നു അദ്ദേഹം. ഒടുവിൽ വഞ്ചിയിൽ കയറിയ സമയം അദ്ദേഹം എന്തോ പൊതിഞ്ഞെൻെറ കയ്യിൽ തന്നു. 'അച്ഛൻ സമ്മതിച്ചില്ലെങ്കിൽ തന്നെയും അടുത്തകൊല്ലം എട്ടാം

ക്ലാസിൽ ചേരണം. സ്കോളർഷിപ്പ കിട്ടാതിരിക്കയില്ല. അതു കിട്ടിയാൽ പിന്നെ അച്ഛൻ പണം തന്നില്ലെങ്കിലും പഠിക്കാമല്ലൊ' എന്നു പറഞ്ഞു. എന്റെ കണ്ണു നിറഞ്ഞുപോയി. കടവിൽനിന്നു കേവഞ്ചി നീങ്ങിയിട്ടും എനിക്കവിടെനിന്നു കയറാൻ കഴിഞ്ഞില്ല.''

കേവഞ്ചി പതുക്കെ പതുക്കെ അപ്രത്യക്ഷമായി. ജോസഫ് ആ അദ്ധ്യാപകവര്യനെത്തന്നെ മനസ്സിൽ ധ്യാനിച്ച് അല്പ നേരം നിന്നു പിന്നീട് വീട്ടിലേയ്ക്കു തിരിച്ചു. ആ പൊതിയിൽ ഒരു നല്ല തുക അദ്ദേഹം കരുതിവെച്ചിരുന്നു. അദ്ധ്യാപകന്റെ ആഗ്രഹപ്രകാരംതന്നെ പിന്നീട് ജോസഫ് എട്ടാം തരത്തിൽ ചേർന്നു പഠനം ആരംഭിച്ചു. ആ വന്ദ്യഗുരുഭൂതൻ ഒരുക്കിക്കൊടുത്ത പാതയിൽക്കൂടിയുള്ള പിന്നത്തെ യാത്ര ഒരു ജൈത്രയാത്രതന്നെയായിരുന്നു.

വർഷങ്ങൾക്കുശേഷം ഒരദ്ധ്യാപകനായിരുന്ന ഈ ലേഖകനുമായി മാസ്റ്റർ പലതും സംസാരിക്കാറുള്ള കൂട്ടത്തിൽ മഹാദേവയ്യരുടെ പേർ പറയാത്ത സന്ദർഭങ്ങൾ ചുരുക്കമായിരുന്നു. മുണ്ടശ്ശേരി മാസ്റ്ററെ ഉയരങ്ങളിലേയ്ക്ക് എത്തിക്കുവാൻ അടിത്തറയിട്ട മഹാദേവയ്യർ അദ്ധ്യാപകലോകത്തിലെ ഒരു കെടാവിളക്കുതന്നെയാണ്.

## ഹൈസ്ക്കൂളിൽ

കണ്ടശ്ശാംകടവിന്റെ സാംസ്കാരികപുരോഗതിക്ക് അടിത്തറപാകിയ ഹൈസ്ക്കൂൾ പ്രവർത്തനമാരംഭിച്ചു. മഹാദേവയ്യരുടെ അഭിലാഷം പൂവണിഞ്ഞു. ജോസഫ് എട്ടാംതരത്തിൽ ചേർന്നു പഠനം ആരംഭിച്ചു. ജോസഫിൽ അടിഞ്ഞുകിടന്നിരുന്ന സാഹിത്യാഭിരുചി തലപൊക്കാൻ തുടങ്ങി. എന്തും വായിക്കുകയെന്നതു ജോസഫിന്റെ ഒരു വ്രതമായിത്തീർന്നു. അതോടൊപ്പം തന്നെ ആ അഭിരുചി വളർത്തിയെടുക്കാൻ സഹായകരമായ ഒരു സതീർത്ഥ്യനെയും ലഭിച്ചു. ''അമ്മുവിന്റെ ആട്ടിൻ

കുട്ടി'' എന്ന രചനയിലൂടെ പിന്നീട് പ്രസിദ്ധനായിത്തീർന്ന മണപ്പുറത്തിൻെറ കവി കെ. എസ്. കെ. തളിക്കുളം ഒരേ തുവലുള്ള രണ്ടു പക്ഷികളുടെ ആ കൂട്ടുകെട്ട് സാഹിത്യചച്ച്കളിലേയ്ക്കു് അവരെ എത്തിച്ചു. പ്രസിദ്ധരായ കവികളുടെ ശ്ലോകങ്ങളിലാണു് ആദ്യം അവർ ശ്രദ്ധചെലുത്തിയിരുന്നതു്. അന്നു് സവ്വസാധാരണമായിരുന്ന അക്ഷരശ്ലോകമത്സരങ്ങളിൽ പങ്കാളികളായി. ജോസഫിൻെറ ക്ലാസിലെ ഉയച്ച് സവന്തക്കാർക്കു പോലും അസൂയ ഉളവാക്കി. ജീവിക്കാൻപോലും പ്രയാസപ്പെടുന്ന ഒരു കുടുംബത്തിലെ കുട്ടിയെ ഹൈസ്ക്കൂളിൽ ചേർത്തു തന്നെ കണ്ടശ്ശാംകടവ് അങ്ങാടിയിലെ ചില പ്രമാണിമാക്കു രസിച്ചില്ല. അതൊരു അധികപ്പററായെന്നു് അവരിൽ ചിലർ പിറുപിറുത്തു. അവരുടെ പിറുപിറുപ്പ് ജോസഫ് ഒരു വെല്ലുവിളിയായി സ്വീകരിച്ചു. ''പഠിച്ച് ഉയരുക'' എന്നൊരു ദൃഢപ്രതിജ്ഞ ആ കുട്ടി എടുക്കുകതന്നെ ചെയ്തു. അതിൻെറ ലക്ഷ്യപ്രാപ്തിക്കുള്ള ധീരമായ മുന്നേററമാണു് പിന്നീട് ജോസഫിനുണ്ടായ എല്ലാ വിജയത്തിൻേറയും അടിസ്ഥാനം.

വായന ഒരു പതിവാക്കിയ ജോസഫിനു സാഹിത്യാഭിരുചി വളർത്തിയെടുക്കാൻ ആ ശീലം നല്ലൊരു പ്രേരകമായിത്തീന്നു. മഹാകവികളുടെ ശ്ലോകങ്ങൾ ഉരുവിട്ടുപഠിക്കുന്നതോടൊപ്പം സ്വയം ശ്ലോകങ്ങൾ എഴുതുവാനും തുടങ്ങി. പത്തായിരത്തോളം ശ്ലോകങ്ങൾ അങ്ങനെ എഴുതിയിട്ടുണ്ടെന്നാണു് മാസ്റ്റർ ഒരിക്കൽ പറഞ്ഞതു്. ജോസഫിനെ അക്കാലത്താകർഷിച്ച ഉള്ളൂരിൻേറയും പന്തളത്തിൻേറയും യമകങ്ങൾ കണ്ടപ്പോൾ യമകകവിതകൾ എഴുതാനായിരുന്നു പിന്നത്തെ കമ്പം. ഒരു സ്തോത്രദശകത്തിൽ പരക്കെ യമകം ദീക്ഷിക്കാനൊത്തപ്പോൾ താൻ വലിയൊരു കവിയായിയെന്നുപോലും ജോസഫിനു തോന്നുകയുണ്ടായി. അന്നുതന്നെ പല പ്രമുഖരുടേയും അഭിനന്ദനങ്ങൾക്കു് ആ ബാലൻ പാത്രീഭൂതനാവുകയും ചെയ്തിരുന്നു. കവിതക്കമ്പക്കാരനായിത്തീന്ന ജോസഫ് അക്കാലത്തെ പ്രസിദ്ധരായ കവികളുടെ രചനകൾ കിട്ടാവുന്നതൊക്കെ വായിച്ച് ആസ്വദിക്കുകയെന്നത് ഒരു നിത്യപരിപാടിയാക്കി.

ജോസഫിൻെറ ഈ പോക്ക് അദ്ദേഹത്തിൻെറ പിതാവിനു് ഇഷ്ടപ്പെട്ടിരുന്നില്ല. അന്ധമായ കത്തോലിക്കാ മതവിശ്വാസിയായ പിതാവ് സംശയദൃഷ്ടിയോടെയാണു് ആ പോ

ക്കിനെ വീക്ഷിച്ചിരുന്നത്. ഒരിക്കൽ കണ്ടൂരിൻെറ നാലു ഭാഷാ കാവ്യങ്ങരം വീട്ടിൽവെച്ച് ജോസഫ് വായിക്കുവാൻ തുടങ്ങി. അജ്ഞാനികളുടെ കവിതകരം എന്നു പറഞ്ഞു് ആ വിശ്വാസി അതെല്ലാം കത്തിച്ചുകളഞ്ഞു. വികാരിയച്ചൻെറ അഭിപ്രായ ത്തേക്കാരം വലിയ കാര്യങ്ങളൊന്നും ആ പിതാവിനു സ്വീകാര്യമായിരുന്നില്ല. പിതാവിൻെറ ആ പ്രവൃത്തിയിൽ ബാലനായ ജോസഫ് ക്ഷുഭിതനായി. താൻ അമൂല്യങ്ങളായി കരുതിയിരുന്ന ആ ഗ്രന്ഥങ്ങളുടെ നഷ്ടം ജോസഫിൻെറ സമനിലതന്നെ തെററിച്ചു. അന്നുരാത്രി കോരിച്ചൊരിയുന്ന മഴയത്ത് ജോസഫ് വീടുവിട്ടിറങ്ങിപ്പോയി. ഏകമകൻെറ ആ ഇറങ്ങിപ്പോക്ക് ജോസഫിനെ ജീവനുതുല്യം സ്നേഹിക്കുന്ന മാതാവിനു സഹിക്കാൻ കഴിഞ്ഞില്ല. അവരുടെ നിബ്ബന്ധം പിതാവിനെ വീണ്ടുവിചാരത്തിൽ എത്തിച്ചു. ജോസഫ് വീട്ടിൽ തിരിച്ചെത്തി പഠനത്തിൽ ശ്രദ്ധചെലുത്തുകയുംചെയ്തു.

കെ. എസ്. കെയുമായുള്ള ബന്ധം തുടന്നുകൊണ്ടേയിരുന്നു. ആ സുഹൃത്തുക്കരം സംസ്കൃതപഠനത്തിലും ശ്രദ്ധചെലുത്തുകയുണ്ടായി. സംസ്കൃതഗ്രന്ഥങ്ങരം ബോംബെയിൽനിന്നു വരുത്തിയാണ് അവർ പഠനം ആരംഭിച്ചതു്. സാഹിത്യത്തിലുള്ള ഈ ഉത്സാഹം ഹൈസ്കൂരം പഠനകാലത്തുതന്നെ പണ്ഡിതന്മാരുടെ ഗ്രന്ഥങ്ങരം വായിച്ചുപഠിക്കാനും അല്പസ്വല്പം സാഹിത്യസൃഷ്ടികരം നടത്താനുമുള്ള കഴിവുകരം ജോസഫിനുണ്ടാക്കിത്തീത്തു.

വിശ്വാസികളും അവിശ്വാസികളുമെന്ന പുരോഹിതന്മാരുടെ തരംതിരിക്കലിനെ ആ ബാലൻ ഇഷ്ടപ്പെട്ടിരുന്നില്ല. പിതാവിനെ പുസ്തകങ്ങരം കത്തിക്കാൻ പ്രേരിപ്പിച്ചതുതന്നെ ഈ തരംതിരിവാണല്ലൊ. അതിനാൽ ചെറുപ്പം മുതല്ക്കുതന്നെ അന്ധമായ വിശ്വാസപ്രമാണങ്ങളെ ചോദ്യംചെയ്യാനുള്ള ഒരു പ്രവണത ജോസഫിൽ വളന്നുവന്നു. വികാരിയച്ചൻെറ ഇംഗിതത്തിനു വിപരീതമായി പ്രൊട്ടസ്റ്റൻറു ബൈബിരം വായിച്ചു മനസ്സിലാക്കുകയും അജ്ഞാനികളുടേതെന്നു വിശേഷിപ്പിക്കപ്പെട്ട ഗ്രന്ഥങ്ങരം ശ്രദ്ധയോടെ വായിച്ചു മനസ്സിലാക്കുകയും ചെയ്തു. ഒരുപക്ഷേ ഈ സാഹചര്യങ്ങളായിരിക്കണം ജോസഫിനെ പിന്നീടൊരു ഉൽപ്പതിഷ്ണുവാക്കി മാററിയതു്. ദാരിദ്ര്യം ഒരു വശത്തും, പിതാവിൻെറ നിസ്സഹകരണവും കൂടിയായ

പ്പോൾ ആവശ്യമായ പുസ്തകങ്ങൾ വാങ്ങുവാൻ മറെറാരു മാർഗ്ഗം തേടേണ്ടിവന്നു. കഠിനാദ്ധ്വാനത്തിൻെറ ആ മാർഗ്ഗം രസകരമാണ്. സതീർത്ഥ്യരായ പണക്കാരുടെ മക്കളുടെ പുസ്തകങ്ങൾ ബൈണ്ടുചെയ്തുകൊടുക്കുക, അവരുടെ പാഠപുസ്തകങ്ങൾ വാങ്ങി പഠിച്ച് അവക്ക കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കിക്കൊടുക്കുക തുടങ്ങിയ ചില്ലറ പ്രവൃത്തികൾകൊണ്ട് ഒരു പരിധിവരെ തൻെറ പഠനച്ചെലവുകൾ നിർവ്വഹിച്ചുപോരുവാൻ ആ ബാലനു കഴിഞ്ഞു. ആ അദ്ധ്യയനവും അദ്ധ്യാപനവും ബാല്യംമുതൽക്കു തന്നെ ആരംഭിച്ചതുകൊണ്ടായിരിക്കണം പിന്നീടദ്ദേഹം സമർത്ഥനായ ഒരദ്ധ്യാപകനായിത്തീർന്നത്.

## പുനർജന്മം

ജോസഫ് ഫിഫ്ത്ത് ഫോമിൽ പഠിക്കുന്ന കാലം. ആ ബാലനു സന്നിപാതജ്വരം പിടിപ്പെട്ടു. ഇന്നത്തെപ്പോലെ ആധുനിക ചികിത്സാരീതികളൊന്നും അക്കാലത്തില്ല. കണ്ടശ്ശാങ്കടവിലാണെങ്കിൽ ഒരു അലോപ്പതി ഡോക്ടറെ ലഭിക്കാനും പ്രയാസം. ആകെ അവലംബം നാട്ടിലെ സാധാരണ വൈദ്യന്മാർ മാത്രം. അവരുടെ ചികിത്സയും തുടങ്ങി. സ്വന്തക്കാരായ പണക്കാർ ആ ചികിത്സ ധാരാളം മതിയെന്ന അഭിപ്രായക്കാരും. ആ ബാലനേയോ മാതാപിതാക്കളേയോ സാന്ത്വനപ്പെടുത്താൻ അവർ അത്രയൊന്നും താല്പര്യം കാണിച്ചില്ല. എന്നാൽ ആശ്വാസം പകരുന്നതിനായി ക്രൈസ്തവേതര സഹപാഠികൾ ഇടയ്ക്കിടെ ആ സുഹൃത്തിനെ സന്ദർശിച്ചു. അതു ജോസഫിനും കുടുംബത്തിനും അല്പമൊരു ആശ്വാസം നല്കി. തൻെറ സ്വന്തക്കാരെന്നു പറയുന്നവരുടെ പെരുമാററത്തേക്കാൾ എത്രയോ മഹത്തരമായിരുന്ന ആ നല്ല സുഹൃത്തുക്കളുടെ സ്നേഹാന്വേഷണങ്ങളെന്നു മാസ്റ്റർതന്നെ പിന്നീട് രേഖപ്പെടുത്തിയിട്ടുണ്ട്.

നാട്ടുവൈദ്യംകൊണ്ടൊന്നും രോഗത്തിനു കുറവു കണ്ടില്ല. ഏകമകൻെറ അപകടകരമായ രോഗത്തിൽ മനംനൊന്ത് അമ്മ മകൻെറ രോഗശയ്യക്കരികിൽ ഇരിപ്പായി. മരണം അടുത്തുവരുന്നുവെന്നൊരു തോന്നൽ ജോസഫിലും ഉണ്ടായിത്തുടങ്ങി. പക്ഷേ അമ്മ ആ മകനു ധൈര്യം പകൻകൊടുത്തു. ഈ നിലയിൽ അധികം തുടരാൻ പററില്ലെന്നു് ആ മാതാവിനു തോന്നി. മകനെ രക്ഷിക്കണം. തൃശ്ശൂരിൽനിന്നു് അലോപ്പതി ഡോക്ടറെ കൊണ്ടുവന്നു ചികിത്സിക്കണം. പിന്നെ താമസിച്ചില്ല. അന്നു തൃശ്ശൂരിലുണ്ടായിരുന്ന ഡോ: ശങ്കുണ്ണിമേനോനെ കൊണ്ടുവരുവാൻ ഏപ്പ്പാടുചെയ്തു. അന്നത്തെ കാലം ഒന്നു് ഓർത്തുനോക്കുക. ആവശ്യത്തിനു ബസ്സോ, കാറോ ഉണ്ടായിരുന്നില്ല. കാളവണ്ടിയും മഞ്ചലുമായിരുന്നു പ്രധാന വാഹനങ്ങൾ. മകൻെറ ജീവൻ രക്ഷിക്കണമെന്ന ദൃഢനിശ്ചയത്തോടെയുള്ള ആ മാതാവിൻെറ നീക്കങ്ങൾ വിജയിക്കുകതന്നെ ചെയ്തു. ഡോക്ടറെ വരുത്തി ചികിത്സ ആരംഭിച്ചു. നീണ്ടൊരു ചികിത്സയുടെ ഫലമായി ആ മാരകമായ രോഗത്തിൽനിന്നും ജോസഫ് രക്ഷപ്പെട്ടു.

മൂന്നുമാസത്തോളം ജോസഫിനു ക്ലാസ് നഷ്ടപ്പെട്ടു. ക്ലാസിൽ ഹാജരാകാതിരുന്നതുമൂലം ഹെഡ്മാസ്റ്റർ സ്കോളർഷിപ്പു തടഞ്ഞുവെച്ചു. പിന്നീടുള്ള ശ്രമം അതു ലഭിക്കുന്നതിനുവേണ്ടിയായി. ഡോക്ടർ ശങ്കുണ്ണിമേനോൻെറ സഹായഹസ്തം അവിടെയും എത്തി. തടഞ്ഞുവെച്ച സ്കോളർഷിപ്പുതുക ലഭിക്കുകയും ചെയ്തു.

അന്തരീക്ഷം വീണ്ടും തെളിഞ്ഞു. പഠനത്തിലും സാഹിത്യപ്രവത്തനങ്ങളിലും വ്യാപൃതനായി. എന്നാൽ അക്കാലത്തു വിദ്യാത്ഥികളിൽ ജാതിചിന്ത പടൻപിടിച്ചിരുന്ന ഒരു കാലമായിരുന്നു. സവൎണ്ണരുടെ വീടുകളിൽ അവൎണ്ണൎക്കു പ്രവേശനമുണ്ടായിരുന്നില്ല. വിദ്യാത്ഥികളായിരുന്നാൽ പോലും. ക്രൈസ്തവനിയായ ജോസഫിനു കഷ്ടിച്ചു ചെല്ലാമായിരുന്നുവെങ്കിലും ആത്മസുഹൃത്തായ കെ. എസ്. കെ.യ്ക്കു് ആ അവകാശം നിഷേധിക്കപ്പെട്ടിരുന്നു. ഈയൊരു വൈരുദ്ധ്യം ജോസഫിനെ ചിന്താകുലനാക്കി. ഒരു ഭാഗത്തു തൻെറ മതപുരോഹിതന്മാരുടെ ഇടുങ്ങിയ ചിന്താഗതി, മറുഭാഗത്താണെങ്കിൽ അവൎണ്ണ സവൎണ്ണ അന്തരങ്ങൾ. ഈ അനീതിയെ ചോദ്യം ചെയ്യേണ്ടതല്ലേയെ

ന്നൊരു തോന്നൽ ജോസഫിൽ വേരൂന്നാൻ തുടങ്ങി. മാസ്റ്ററുടെതന്നെ വാക്കുകാം നോക്കുക. "പൌരോഹിത്യത്തിൻെറ സംഭാവനയായുള്ള മൗഢ്യത്തിൻെറ ലേബലൊട്ടിച്ചത്—സെക്കണ്ടറി ക്ലാസുകളിൽ വെച്ചുതന്നെ ഞാനതു പൊട്ടിച്ചെറിഞ്ഞു കളഞ്ഞു."

ഈയൊരു തുടക്കം തൻെറ ജീവിതകാലം മുഴുവനും വളത്തിയെടുക്കാൻ അദ്ദേഹം ശ്രമിച്ചതായി കാണാവുന്നതാണ്. മതമേധാവിത്വത്തിനെതിരെ പല ഏററുമുട്ടലുകാംക്കും ഇട വന്നിട്ടുണ്ട്. മാസ്റ്റക്കുനേരെ എത്രയെത്ര ക്രൂരമ്പുകളാണ് അവർ എയ്തിരിക്കുന്നത്. സെൻറ്തോമാസ് കോളേജിൽനിന്നു പിരിച്ചുവിട്ടു. മൂത്ത മകൻ ജോർജ്ജിൻെറ കല്യാണത്തിനു സൃഷ്ടിച്ച തടസ്സങ്ങാം, വിദ്യാഭ്യാസബില്ലിനെതിരെ നടത്തിയ പടനീക്കം. എന്നിട്ടും ഒരു ധീരനായ പടയാളിയെപ്പോലെ അദ്ദേഹം മുന്നേറുകയും ചെയ്തു.

## കോളേജ് വിദ്യാഭ്യാസം

മഹാദേവയ്യരുടെ പണക്കിഴിയിൽനിന്നാരംഭിച്ച ഹൈസ്കൂാം വിദ്യാഭ്യാസം പൂത്തിയാക്കി. ആ നിർധനനു് എങ്ങനെ കോളേജ് വിദ്യാഭ്യാസം തുടരാൻ കഴിയും? പോരെങ്കിൽ പിതാവിനുണ്ടായിരുന്ന ചെറിയ കച്ചവടം ആകെ തകച്ചയിലായിരിക്കുന്ന സമയം. ആകെയുള്ള അവലംബമാകട്ടെ അമ്മ. ജോസഫിനു പഠിച്ചുയരണം. ഒരു ധീരപരീക്ഷണമായിരുന്നു അതു്. കൂട്ടുകാരനായ കെ. എസ്. കെ. പഠിപ്പുനിത്തി ഒരദ്ധ്യാപകനായി. കോളേജിൽ പഠിക്കണമെങ്കിൽ തൃശ്ശൂരിലെത്തണം. രണ്ടും കല്പിച്ചു തൃശ്ശൂർ സെൻറ് തോമാസ് കോളേജിലെത്തി. കൂടെ ഏതാനും സഹപാഠികളും എത്തിയിരുന്നു. ഇൻറർ മീഡിയററിനു് അവർ ചേന്നു. അന്നു് ഇന്നത്തെ പ്രീ-ഡിഗ്രിയുടെ സ്ഥാനത്തു് ഇൻറർ മീഡിയററായിരുന്നു. അക്കൊല്ലം ആരംഭിച്ച ഫിസിക്സ് ഗ്രൂപ്പിലാണ് പ്രവേശനം ലഭി

ച്ചതു്. നിത്യേന കണ്ടശ്ശാങ്കടവിൽനിന്നു തൃശ്ശൂരിലുള്ള കോളേജിൽ വന്നുപോകുകയെന്നതു് ദുഷ്കരമായ ഒരു യാത്രയായിരുന്നു.

അവിടെയും ഒരു സാഹസികതസ്സ ജോസഫും കൂട്ടരും ഒരുമ്പെട്ടു, പട്ടണത്തിൻെറ കിഴക്കുഭാഗത്തായി ഒരു ചെറിയ ഇടം സംഘടിപ്പിച്ചു. അവിടെ താമസിച്ചു പഠിക്കാൻ തുടങ്ങി. ഇതു് അധികക്കാലം തുടരാൻ കഴിഞ്ഞില്ല, പ്രശ്നം സാമ്പത്തികംതന്നെ. ഗത്യന്തരമില്ലാതെവന്നപ്പോഠം ജോസഫ് പട്ടണത്തിനടുത്തു് ഒരു ബന്ധുവീട്ടിൽ താമസിച്ചു പഠിക്കാൻ തുടങ്ങി. ആ പഠനകാലത്തെപ്പററി മാസ്റ്റർ രേഖപ്പെടുത്തിയിരുന്നതു് ഇങ്ങനെയാണു്. ''കോളേജിൽ പോയദിവസങ്ങളിൽതന്നെ സമയത്തിനു ക്ലാസിലെത്താൻ കഴിഞ്ഞിരുന്നില്ല. പത്തുമണിയോടുകൂടി തിളച്ച കഞ്ഞിയും മാങ്ങച്ചമ്മന്തിയും അകത്താക്കി കുടുകുടാ വിയത്തു നട്ടപ്പറ വെയിലത്തു നടന്നു് കോളേജിലെത്തുമ്പോഠം പ്രൊഫസർ ശ്രീ.പി. ശങ്കരൻ നമ്പ്യാരുടെ ആ കേട്ടിരിക്കാൻ കൗതുകമുള്ള ഇംഗ്ലീഷ് ക്ലാസ് പകുതിയായിട്ടുണ്ടാകും.''

നേരത്തിനു് ചെല്ലാൻ പററാത്ത വിഷമം ഒരു വശത്തു്. അപ്പോഴാണു് അന്നത്തെ ഫിസിക്സ് അദ്ധ്യാപകൻെറ വിരോധം. അതിൻെറ ഫലമോ പലപ്പോഴും ക്ലാസിനു പുറത്തു്. ഈ ദുർഘടങ്ങഠം സഹിച്ചു നിങ്ങികൊണ്ടിരിക്കുമ്പോഴാകട്ടെ ഫീസടക്കാൻ കഴിയാതെയുള്ള പ്രയാസങ്ങളും അലട്ടിക്കൊണ്ടിരുന്നു. ഈ യാതനകളെല്ലാം സഹിച്ചു രണ്ടുകൊല്ലം ഒരു വിധത്തിൽ തള്ളിനീക്കി. പരിക്ഷയടുത്തു. അതാ വരുന്നു മററൊരു വൈതരണി–മൂന്നുമാസത്തെ ഫീസ് കുടിശ്ശികയുണ്ടായിരുന്നു. ആ പണം മുഴുവനും അടസ്സാതെ പരീക്ഷയെഴുതാൻ പററില്ലെന്നുള്ള ഉഗ്രശാസനം. സ്വന്തം സമുദായപുരോഹിതന്മാർ നടത്തുന്ന കോളേജാണല്ലൊ. മാനേജരെ ചെന്നു കണ്ടാൽ ഒരു പോംവഴിയുണ്ടാകുമെന്ന ആശ മനസ്സിൽ ഉദിച്ചു. പക്ഷേ അവിടേയും പടി അടച്ചുകെട്ടി. കഴിയാവുന്ന പരിശ്രമങ്ങളെല്ലാം നടത്തിനോക്കി. വിജയിച്ചില്ല. അക്കൊല്ലം പരീക്ഷയെഴുതാൻ കഴിഞ്ഞില്ല. പിന്നീടു് സെപ്റ്റംബറിൽ പരീക്ഷയെഴുതിയാണു് ഇൻറർമീഡിയററ് ജയിച്ചതു്. അതിനിടെ അഞ്ചാറുമാസം അദ്ധ്യാപകനായി ജോലിനോക്കി. സാഹിത്യപ്രവർത്തനങ്ങഠം തുടങ്ങിക്കൊണ്ടിരുന്നു. അക്കാലത്ത് കവിതാരചനയിലാണു് സജീവശ്രദ്ധ കേന്ദ്രീകരിച്ചിരുന്നതു്.

വീണ്ടും പഠിക്കണമെന്ന ആഗ്രഹം പിന്നെയും അലട്ടിക്കൊണ്ടിരുന്നു. തൃശ്ശൂരിലാണെങ്കിൽ ബി. എയ്ക്കു പഠിക്കാൻ സൗകര്യം ഉണ്ടായിരുന്നില്ല. മദ്രാസിലോ, തൃശ്ശിനാപ്പിള്ളിയിലോ പോയി പഠിക്കണം. സെൻററ് തോമാസ് കോളേജ് അന്ന് സെക്കൻററ്ഗ്രേഡ് കോളേജായിരുന്നു. ഒരു കൈ നോക്കുക തന്നെയെന്നു ജോസഫ് തീരുമാനിച്ചു. അദ്ധ്യാപകവൃത്തിയിൽനിന്നു ലഭിച്ച എൺപതു രൂപയോളം കയ്യിലുണ്ട്. പിതാവിനെ അറിയിച്ചാൽ അനുവാദം കിട്ടുകയില്ലെന്നറിയാം. ഏതായാലും മകൻെറ എല്ലാകാര്യങ്ങൾക്കും പിൻതുണയായ മാതാവിൻെറ മൗനാനുവാദം വാങ്ങി തൃശ്ശിനാപ്പിള്ളിയിലേയ്ക്കു വണ്ടികയറി. അര നൂററാണ്ടു മുൻപാണ് ഇതെന്ന് ഓർക്കുക. തൃശ്ശിനാപ്പിള്ളിയിലാണെങ്കിൽ ഹോസ്റ്റലിൽ താമസിച്ചു പഠിക്കണം. എൺപതു രൂപയിൽ വണ്ടിക്കൂലി കഴിച്ചുള്ള സംഖ്യയുണ്ട്. വരുന്നതുവരട്ടെ. ഹോസ്റ്റൽഫീസ് പത്തുരൂപയടച്ച് അവിടെ താമസമാക്കി. കോളേജിൽ ചേന്നു പഠനവും തുടങ്ങി ദിവസങ്ങൾ മുന്നോട്ടുപോയി. കയ്യിലുണ്ടായിരുന്ന പണത്തിൻെറ അവസാനത്തിലെത്തി. പുസ്തകങ്ങൾ വാങ്ങണം, മററു ചെലവുകൾ നടക്കണം. കടം വാങ്ങിയിട്ടാണെങ്കിലും അല്ലറ ചില്ലറ സംഖ്യകൾ അമ്മ വല്ലപ്പോഴും അയച്ചുകൊടുക്കും. അതുകൊണ്ടൊന്നും കാര്യങ്ങൾ നടക്കാതെയായി. ജോസഫ് പതറിയില്ല ഹൈസ്കൂളിലെ പരീക്ഷണം ഇവിടേയും പരീക്ഷിക്കുവാൻ ശ്രമിച്ചു. സമ്പന്നരായ കുട്ടികളുടെ പുസ്തകങ്ങൾ വാങ്ങി പഠിച്ചു. അവയിലെ പാഠങ്ങൾ ഗുളികപ്രായമാക്കി അവക്കു പറഞ്ഞുകൊടുക്കാൻ തുടങ്ങി. ഒരുതരം ട്യൂഷൻ. അവിടെയും നിറുത്തിയില്ല. കോളേജിൽ വന്നിരുന്ന വിദേശമാസികകൾ ശ്രദ്ധയിൽപ്പെട്ടു. അവ സശ്രദ്ധം വായിച്ചു. വിദേശവാത്തകൾ തജ്ജമചെയ്തു് ആകഷ്കങ്ങളായ ലേഖനങ്ങളാക്കി തിരുവിതാംകൂറിലെ ആനുകാലികപ്രസിദ്ധീകരണങ്ങൾക്ക് അയച്ചുകൊടുത്തു. അവരിൽനിന്നും അല്പസ്വല്പം പണം ലഭിച്ചു. ധീരസാഹസികമായ ആ മുന്നേററം വിജയത്തിലെത്തി. 1926ൽ ജോസഫ് ബി. എ.ബിരുദം നേടി. കണ്ണശ്ശാങ്കടവെന്ന കുഗ്രാമത്തിൽനിന്നു യാതനകളേയും വേദനകളേയും സഹനശക്തിയോടെ നേരിട്ട ജോസഫ് ഒരു ബിരുദധാരിയായി.

## ഔദ്യോഗിക ജീവിതത്തിലേയ്ക്ക്

ബി. എ. ബിരുദം മാത്രം പോരാ. സയൻസിൽ എം. എ. ഡിഗ്രി എടുക്കണം. ഇതായിരുന്നു ജോസഫിന്റെ ആഗ്രഹം. ഒരു കോളേജിൽ കടന്നുകൂടിയാൽ ഉയന്ന തസ്തിക ലഭിക്കണമെങ്കിൽ എം. എ. ഡിഗ്രി കൂടിയേ കഴിയൂ. പക്ഷേ തന്റെ ചുററുപാടുകൾ ആഗ്രഹിച്ചതുപോലെയായിരുന്നില്ല. ബി. എ. കഴിഞ്ഞു നാട്ടിൽ തിരിച്ചെത്തിയ കാലം. എന്തു വേണമെന്ന് ഒരു തീരുമാനത്തിലെത്താതെ കഴിയുകയാണ്.

അന്ന് തൃശ്ശൂർ സെൻറ് തോമാസ് കോളേജിൽ പ്രിൻസിപ്പാൾ ഫാദർ പാലോക്കാരനായിരുന്നു. അദ്ദേഹത്തിനാണെങ്കിൽ ഭാഷാസ്നേഹികളോട് ഒരു പ്രത്യേക മമതതന്നെയുണ്ടായിരുന്നു. ഒരു ദിവസം അദ്ദേഹം കണ്ടശ്ശാങ്കടവ് പള്ളിയിൽ വന്നു. അവിടെവെച്ച് അദ്ദേഹം നമ്മുടെ ജോസഫിനെ പരിചയപ്പെട്ടു. പലതും അവർ തമ്മിൽ സംസാരിച്ചു. എന്തോ ജോസഫിൽ അദ്ദേഹത്തിന് ഒരു പ്രത്യേക വാത്സല്യംതോന്നി. അദ്ദേഹം ജോസഫിനോട് സെൻറ് തോമാസ് കോളേജിൽ ഡെമോൺസ്ട്രേററായി ചേരാൻ പ്രേരിപ്പിച്ചു. കോളേജദ്ധ്യാപകനാകുന്നത് ഒരു മാന്യപദവിയായി കരുതിയിരുന്ന കാലം. അതറിഞ്ഞ അമ്മ മകനെ ജോലിയിൽ പ്രവേശിക്കുന്നതിനു നിർബ്ബന്ധിക്കുകയും ചെയ്തു. ഫാദർ പാലോക്കാരന്റെ നിർദ്ദേശവും അമ്മയുടെ അഭിലാഷവുമനുസരിച്ചു ജോസഫ് സെൻറ് തോമാസ് കോളേജിൽ ഒരദ്ധ്യാപകനായി.

താമസം കോളേജ് വക ഹോസ്ററലിൽ ആയിരുന്നു. അവിടെ പുതിയ ചില സുഹൃത്തുക്കളെ ലഭിച്ചു. കോളേജിലെ മലയാളം ലക്ച്ചറർ വിദ്വാൻ എടമരത്തു സെബാസ്റ്റ്യൻ, ലൈബ്രേറിയൻ എ. പി. ജോൺ എന്നിവരായിരുന്നു സുഹൃത്തുക്കൾ. സംസ്കൃതപഠനത്തിന് താല്പര്യം നേരത്തേയുണ്ടായിരുന്നല്ലോ. സെബാസ്റ്റിൻ മാസ്റ്ററുമായുള്ള ബന്ധം കൂടുതലായി സംസ്കൃതം പഠിക്കുന്നതിനുള്ള പ്രചോദനമായി. 'ആ ബന്ധം മൂലം ഭരതന്റെ രസവാദത്തിലേയ്ക്കു കടന്നുചെന്നു. ലൈബ്രേറിയൻ ജോണാണെങ്കിൽ ലൈബ്രറിയിൽനിന്നു കിട്ടാ

വുന്ന പുസ്തകങ്ങൾ മുഴുവൻ വായിച്ചുതീർക്കുവാനും സഹായിച്ചു. സയൻസാണ് പഠിച്ച വിഷയമെങ്കിലും സാഹിത്യസംബന്ധമായ പ്രവർത്തനങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കാനാണ് ജോസഫ് ശ്രദ്ധിച്ചത്.

ഈ സന്ദർഭത്തിലാണ് മറെറാരു ഉത്തരവാദിത്വം ജോസഫിൽ വന്നുപെട്ടത്. കത്തോലിക്കാ സമുദായ മാസികയായ പ്രേഷിതൻെറ പത്രാധിപത്യം ജോസഫിനു് ഏല്ക്കേണ്ടതായിവന്നു. ഇതുവഴി അക്കാലത്തെ പ്രഗത്ഭരായ പല പണ്ഡിതന്മാരുമായി ബന്ധപ്പെടുവാൻ അവസരം ലഭിച്ചു. പ്രേഷിതൻെറ അച്ചടി നടത്തിയിരുന്ന ഭാരതവിലാസം പ്രസ്സ് പണ്ഡിതന്മാർ എത്തിച്ചേരാറുള്ള ഒരു സങ്കേതമായിരുന്നു. സംസ്കൃതപണ്ഡിതനായ നാരായണൻ നായർ, അവിടെതന്നെ വ്യാഖ്യാനങ്ങൾ എഴുതി വന്നിരുന്ന വാചസ്പതി ടി. സി. പരമേശ്വരൻ മൂസ്സ് തുടങ്ങിയവർ ആ ബന്ധപ്പെട്ടവരിൽ ചിലരാണ്. ഭാഷയോടൊപ്പംതന്നെ സംസ്കൃതപഠനവും ആവശ്യമാണെന്നു് അവരുമായുള്ള ചർച്ചകളിൽനിന്നു് ജോസഫിനു് ബോദ്ധ്യമായി.

ഇക്കാലത്ത് ഇൻററമീഡിയററിനും ബി. എസ്സും രണ്ടാം പാർട്ടായി മലയാളമോ സംസ്കൃതമോ വേണമെന്നു് മദിരാശി സർവ്വകലാശാല നിർബ്ബന്ധം ഏർപ്പെടുത്തി. ഭാഷാവിഭാഗത്തിൻെറ തലവനാകാൻ മലയാളത്തിലും സംസ്കൃതത്തിലും എം. എ ഡിഗ്രി വേണം. അന്നു് ഈ രണ്ടു ഭാഷയ്ക്കും തുല്യപ്രാധാന്യമുള്ള ഒരു ടൂ ലാൻഗ്വേജ് എം. എ. ഡിഗ്രിയുണ്ടായിരുന്നു. സംസ്കൃതത്തിലും മലയാളത്തിലും അഗാധമായ കഴിവുള്ളവർക്കു മാത്രമേ ആ ഡിഗ്രി കരസ്ഥമാക്കാൻ കഴിഞ്ഞിരുന്നുള്ളു. ജോസഫ് അതൊരു വെല്ലുവിളിയായി സ്വീകരിച്ചു. ജോസഫാണെങ്കിൽ ഒരു അഹിന്ദു. വേദവും ഉപനിഷത്തും പഠിക്കണമെങ്കിൽ ഒരു ബ്രാഹ്മണഗുരുശ്രേഷ്ഠൻ വേണം. ജോസഫിൻെറ ഉത്സാഹവും എളിമയും കഴിവും അങ്ങനെയൊരു ഗുരുവിനെ ലഭിക്കാൻ സഹായിച്ചു. ഗുരുവിൻെറ സഹായവും ജോസഫിൻെറ കഠിനാദ്ധ്വാനവും ഒന്നിച്ചുകൂടിയപ്പോൾ ആ എം. എ. ഡിഗ്രി ജോസഫിനു് നിഷ്പ്രയാസം ലഭിക്കുകയും ചെയ്തു.

ജോസഫ് സെൻറ് തോമാസ് കോളേജിലെ ഭാഷാവിഭാഗത്തിൻെറ തലവനായി. തന്നെ അങ്ങോട്ടുകൊണ്ടുവന്ന ഫാദർ

പാലോക്കാരൻെറ സഹായഹസ്തങ്ങരം ഇക്കാര്യത്തിലുമുണ്ടായിരുന്നു. കോളേജിലെതന്നെ പ്രഗത്ഭനായ അദ്ധ്യാപകനായിരുന്ന പ്രസിദ്ധ സാഹിത്യനിരൂപകൻ എം. പി. പോരം. ജോസഫ് –പോരം കൂട്ടുകെട്ട് ഭാഷയ്ക്കു മഹത്തായ പല സംഭാവനകളും നൽകുവാൻ സഹായിച്ചിട്ടുണ്ട്.

ഒരദ്ധ്യാപകനെന്ന നിലയിൽ ജോസഫ് വിദ്യാത്ഥികരംക്ക് ആരാദ്ധ്യനായിരുന്നു. പഠിപ്പിക്കുന്ന വിഷയം ആകഷ്കമാക്കി കുട്ടികളുടെ ശ്രദ്ധ പിടിച്ചുനിത്താനുള്ള കഴിവ് ഒന്നു വേറെതന്നെയായിരുന്നു. അദ്ദേഹത്തിൻെറ ക്ലാസിനെപ്പററി പരേതനായ പ്രൊഫ: ശേഷൻെറ വാക്കുകരംതന്നെ ഉദ്ധരിക്കാം. ''എന്നെപ്പോലെ സംസ്കൃതം പഠിച്ചിരുന്ന വിദ്യാർത്ഥികരം പോലും സംസ്കൃതത്തിലെ മററു ക്ലാസുകരം ഉപേക്ഷിച്ച് അദ്ദേഹത്തിൻെറ മലയാളം ക്ലാസുകളിൽ ചെന്നിരിക്കുക പതിവായിരുന്നു. മുണ്ടശ്ശേരി മലയാളം ക്ലാസുകളിൽ സംസ്കൃതവും സംസ്കൃതം ക്ലാസുകളിൽ മലയാളവും ഇംഗ്ലീഷും സുലഭമായി ഉപയോഗിക്കാറുണ്ടായിരുന്നു. മലയാളത്തിൽ അദ്ദേഹം ഒരനുഗൃഹീത വാഗ്മിയായിരുന്നെങ്കിൽ, ഇംഗ്ലീഷിൽ അദ്ദേഹം ഭംഗിയായി സംസാരിക്കാൻ കെല്പുള്ളവനായിരുന്നു.''

1928 മുതൽ 1952 വരെയുള്ള കാലഘട്ടം വിദ്യാത്ഥികരംക്ക് ആരാദ്ധ്യനായ ഒരദ്ധ്യാപകൻേറതായിരുന്നു. അദ്ദേഹം തയ്യാറാക്കിയിരുന്ന പഠനക്കുറിപ്പുകരം ഭാഷയിൽതന്നെ ഒരു പരിവത്തനത്തിനു വഴിതെളിയിച്ചു. എം. പി. പോളുമായിട്ടുണ്ടായിരുന്ന കൂട്ടുകെട്ട് സാഹിത്യരംഗത്ത് ചില നൂതനങ്ങളായ പ്രഴിത്താരകരംതന്നെ സൃഷ്ടിക്കുവാൻ അവസരം നല്കി. അക്കാലത്തുതന്നെ വിദ്യാഭ്യാസ പരിഷ്കരണത്തിനായി രൂപീകരിക്കപ്പെട്ട വിദ്യാഭ്യാസവിചക്ഷണന്മാരടങ്ങുന്ന പല ബോർഡുകളിലും അംഗമായി പ്രവത്തിച്ചു.

മദിരാശി സർവ്വകലാശാലയിലെ മലയാളത്തിൻെറ ബോർഡ് ഓഫ് സ്റ്റഡീസിൽ അംഗമായി, മലയാളവുമായി ബന്ധപ്പെട്ട വിഷയങ്ങളുടെ പരീക്ഷകനായി. സംസ്കൃത പ്രവേശിക പരീക്ഷാബോർഡിലും പ്രമുഖസ്ഥാനം ലഭിച്ചു. സംസ്കൃത പഠന സമ്പ്രദായത്തിൽ പല പരിഷ്കാരങ്ങളും വരുത്തുവാൻ അതു സഹായിക്കുകയും ചെയ്തു.

# സാഹിത്യരംഗം

വിദ്യാൎത്ഥിയായിരുന്ന കാലത്തുതന്നെ കവിതാരചനകഠം നടത്തിയിരുന്നതായി പ്രസ്താവിക്കപ്പെട്ടിട്ടുണ്ടല്ലൊ. കോളേജ ദ്ധ്യാപകൻ, അതും പ്രത്യേകിച്ചു ഭാഷാവകുപ്പിൻെറ തലവൻ ആയതോടെ കൂടുതൽ ശ്രദ്ധ സാഹിത്യരംഗത്തേയ്ക്കു തിരിച്ചു. പ്രേഷിതൻ, പത്രാധിപർ സ്ഥാനത്തോടെ കൂടുതൽ സാഹിത്യ കാരന്മാരും പണ്ഡിതന്മാരുമായി ബന്ധപ്പെടുവാൻ അവസരവും ലഭിച്ചു. 1932–33 കാലത്ത് സെൻറ് തോമാസ് കോളേജിൽ നിന്നു 'കേരളം' എന്നൊരു സാഹിത്യമാസിക പ്രസിദ്ധീകരി ച്ചിരുന്നു. പ്രിൻസിപ്പാഠം ഫാദർ പാലോക്കാരൻ, എം. പി. പോഠം, സെബാസ്റ്റ്യൻ, മുണ്ടശ്ശേരി എന്നിവരായിരുന്നു ഇതിൻെറ സാരഥികഠം. എം. പി. പോളിൻെറ ഖണ്ഡകഥാപ്ര സ്ഥാനവും നോവൽപ്രസ്ഥാനവും ഇതുവഴിയാണ് പ്രസിദ്ധീക രിക്കപ്പെട്ടതു്. കേരളത്തിൽ വന്ന പ്രൗഢഗംഭീരങ്ങളായ ലേഖ നങ്ങഠംവഴി മുണ്ടശ്ശേരി എന്ന നാമം സാഹിത്യലോകത്തു സ്ഥിരപ്രതിഷ്ഠ ലഭിക്കാനിടയായി. 1934–35 കാലമായപ്പോ ഴേയ്ക്കും മുണ്ടശ്ശേരിയുടെ ശബ്ദം സാഹിത്യസദസ്സുകളിലും പ്രസം ഗവേദികളിലും അലയടിക്കുവാൻ തുടങ്ങി.

അക്കാലത്തു് അഭ്യസ്തവിദ്യരായ കത്തോലിക്കായുവാക്കഠം ക്കു സാമൂഹ്യസേവനത്തിനായി പരിശീലനം നൽകുന്ന ഒരു ഏൎപ്പാടുണ്ടായിരുന്നു. ഒരിക്കൽ അത്തരം ക്ലാസ് ബാംഗ്ലൂരിൽ സെൻറ് ജോസഫ് കോളേജിൽവെച്ചു നടത്തുകയുണ്ടായി. ആ സമ്മർ ക്ലാസിൽ പങ്കെടുക്കുവാൻ ജോസഫിനും അവസരം ലഭി ച്ചു. ഇന്ത്യയുടെ പല ഭാഗത്തുനിന്നായി അമ്പതിൽപരം അഭ്യ സ്തവിദ്യരായ പ്രതിനിധികഠം അതിലുണ്ടായിരുന്നു. പുതി യൊരു ബന്ധവും ഭാസുരമായൊരു ഭാവിയും ആ ക്ലാസുവഴി ലഭിച്ചു.

ഈ കാലഘട്ടത്തിൽതന്നെ മുണ്ടശ്ശേരി കൈരളി മാസിക യുടെ പത്രാധിപത്യം ഏറെറടുത്തു. പ്രൊഫസർ പി. ശങ്കരൻ നമ്പ്യാർ, കണ്ണമ്പ്ര കുഞ്ഞുണ്ണിനായർ, പുത്തേഴത്തു രാമ

മേനോൻ, ജി. ശങ്കരക്കുറുപ്പ്, കെ.കെ. രാജ, എടമരത്തു സെബാസ്ററ്യൻ, കുററിപ്പുറത്തു കേശവൻനായർ എന്നിവർ വളർത്തിയെടുത്തതാണ് ഈ മാസിക. കൊച്ചി രാജ്യത്തെ എല്ലാ വിദ്യാലയങ്ങളിലും ഈ മാസിക വരുത്തുന്നതിനു ഗവണ്മെൻറ് അനുവാദം നല്കിയിരുന്നു. മാസികയുടെ പത്രാധിപരായപ്പോഴം മാസ്ററരുടെ പ്രതികരണം അദ്ദേഹംതന്നെ രേഖപ്പെടുത്തിയിരിക്കുന്നതു് ഇങ്ങനെയാണ്. "സാഹിതീയ ജീവിതത്തിലുണ്ടായിരുന്ന എൻെറ ചിരന്തനാഭിലാഷത്തിനു കത്തിപ്പടന്നു മേലോട്ടുകയറുവാൻ ആ പത്രാധിപത്യം താങ്ങും തണലുമായിത്തീന്നു. കൈരളിയിൽ ഞാനെഴുതിയ ലേഖനങ്ങൾക്കൊക്കെത്തന്നെ എൻെറ പുതിയ വീക്ഷണത്തിൻെറ നിറപ്പകിട്ടുണ്ടായിരുന്നു. ബാംഗ്ലൂർ സമ്മർ സ്കൂളിൽവെച്ചു് എൻെറ ഞരമ്പിൽ പാഞ്ഞുകയറിയ കാത്തലിക് ലിബറലിസം എൻെറ സ്വതന്ത്ര സാഹിത്യസേവനങ്ങൾക്കു വിശേഷിച്ചൊരാത്മവിശ്വാസമുണ്ടാക്കിത്തരികയുണ്ടായി. കൈരളിയുടെ പത്രാധിപത്യം എന്നെ പിന്നേയും പിന്നേയും ക്രൈസ്തവേതരരും പ്രാമാണികരുമായ സാഹിത്യകാരന്മാരുടെ പന്തിയിലേയ്ക്കുയത്തിക്കൊണ്ടിരുന്നു." മുണ്ടശ്ശേരിയെപ്പററി അക്കാലത്തു പ്രൊഫസർ ശങ്കരൻ നമ്പ്യാർ എഴുതിയ ഒരു കവിതാശകലം ഇവിടെ ഉദ്ധരിക്കട്ടെ.

"മുണ്ടശ്ശേരി മുറയ്ക്കുയന്നു വിരുതാർ-
ന്നുത്തുംഗവാഗ്വൈഭവം-
കൊണ്ടന്നിഹ കേരളക്കര മുഴ-
ക്കെത്താൻ മുഴക്കീടവേ
പണ്ടത്തെപ്പല പണ്ഡിതാദികൾ പക-
ച്ചീടും പ്രകാരങ്ങളെ-
ക്കണ്ടമ്പോട്ടു തെളിഞ്ഞു കൈരളി വളർ-
ന്നീടുന്നിതീടാന്നു നീ"

ഒരു നല്ല അദ്ധ്യാപകൻ എപ്പോഴും താൻ പഠിപ്പിക്കുന്ന വിഷയം കുട്ടികളെ സരസമായി ഗ്രഹിപ്പിക്കുവാൻ വേണ്ട തയ്യാറെടുപ്പുകൾ നടത്താറുണ്ട്. നിരൂപണദൃഷ്ടിയോടെ കവിതകൾ പഠിപ്പിക്കേണ്ട അവസരങ്ങൾ കൈവന്നപ്പോൾ മാസ്റ്റർ ആ സന്ദർഭങ്ങളെ വേണ്ടവിധത്തിൽ ഉപയോഗിച്ചു. ഉള്ളൂർ, വള്ളത്തോൾ തുടങ്ങിയ മഹാകവികൾ ജൈത്രയാത്ര നടത്തിക്കൊണ്ടിരുന്ന കാലമായിരുന്നു അതു്. മാസ്റ്റർക്കു് കുമാരനാശാൻെറ

കരുണ പഠിപ്പിക്കേണ്ട അവസരം വന്നു. അക്കാലത്ത് സാഹിത്യപഞ്ചാനനൻ കരുണയെപ്പററി ഖണ്ഡനപരമായി ഒരു നിരൂപണം എഴുതിയിരുന്നു. ആ കൃതിയാകെ പഠിച്ച മാസ്ററർ മണ്ഡനപരമായി സവിസ്തരം ഒരു ലേഖനം എഴുതി. ആ നിരൂപണം കോളേജ് മാസികയിൽ പ്രസിദ്ധീകൃതമായി. ലേഖനം പുറത്തുവന്നപ്പോഠം കേരളത്തിൽ അങ്ങോളമിങ്ങോളം ഒരു കോളിളക്കംതന്നെ ഉയൻവന്നു. മാസ്റ്ററെ ആശാൻപക്ഷപാതിയായി മുദ്രകുത്തി. മാസ്റ്ററുണ്ടോ പിന്മാറുന്നു! ആശാൻകവിതകളെ കേന്ദ്രീകരിച്ചുതന്നെ ശക്തമായ നിരൂപണങ്ങഠം പിന്നേയും പ്രസിദ്ധീകരിച്ചു. ആശാൻകവിതകളെ സ്ഫുടംചെയ്ത് സത്ത കേരളീയക്കുമുമ്പിൽ കാഴ്ചവെയ്ക്കുന്നതിനു മാസ്റ്റർ നിശ്ചയദാർഢ്യത്തോടെ മുന്നോട്ടുപോയി.

ഈ പോക്കിൽ രസിക്കാത്തവരുണ്ടായി. അവരിൽ പ്രമുഖരാകട്ടെ ഉള്ളൂരും വള്ളത്തോളും. അക്കാലത്തുതന്നെ സർദാർ കെ. എം. പണിക്കർ എഴുതിയ കേരളസിംഹത്തിനെക്കുറിച്ച് ഒരു നീണ്ട നിരൂപണം കൈരളിയിൽ എഴുതി. മണ്ഡനപരമായ ആ നിരൂപണം ഉള്ളൂരിനു രസിച്ചില്ല. എന്നാൽ വള്ളത്തോളിൻെറ അഭിപ്രായം മറിച്ചായിരുന്നു. തുടൻ പല കൃതികളും അദ്ദേഹത്തിൻെറ വിമർശനത്തിനു വിധേയമായി. സാഹിത്യശിരോമണി പി. കൃഷ്ണൻ നായരുടെ കാവ്യജീവിതവൃത്തി എന്ന ഗ്രന്ഥത്തേയും മാസ്ററർ വിട്ടില്ല. കൈരളിയിൽ ശക്തമായി വിമശിച്ച് എഴുതി. മദിരാശി സർവ്വകലാശാലയിൽ മലയാളവിഭാഗത്തിൻെറ മുടിചൂടാമന്നനായി കഴിഞ്ഞിരുന്ന കൃഷ്ണൻ നായക്ക് അത് വല്ലാത്ത ഒരടിയായി. സാഹിത്യനിരൂപണരംഗത്ത് ഒരു കൊടുങ്കാററുതന്നെ ഉണ്ടാക്കാൻ കഴിഞ്ഞ മാസ്ററർ പാശ്ചാത്യവും പൗരസ്ത്യവുമായ കാവ്യമീമാംസകഠം പൂർവ്വാധികം ആവേശത്തോടും അവധാനത്തോടുംകൂടി രാപ്പകലില്ലാതെ പഠിക്കാൻ ശ്രമിച്ചു. ആ തീവ്രമായ പഠനം മലയാള സാഹിത്യനിരൂപണചരിത്രത്തിലെ ഒരു നാഴികക്കല്ലായി. അത് ആധുനികരീതിയിലുള്ള നിരൂപണത്തിനു വഴിതെളിയിച്ചു. ആധുനികനിരൂപകന്മാർ ഇന്നും ആ സരണിയിലൂടെത്തന്നെയാണ് സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്.

# പുരോഗമനസാഹിത്യപ്രസ്ഥാനത്തിൽ

ഷൊർണ്ണൂരിലെ ഒരു സ്കൂളിൽ വെച്ച് എം. പി. പോൾ, തകഴി, കേശവദേവ്, മുണ്ടശ്ശേരി എന്നിവർ ഒത്തുകൂടി പുരോഗമന സാഹിത്യപ്രസ്ഥാനത്തെപ്പററി ആലോചന നടത്തി. ആ ആലോചന ഒരു സംഘടനയ്ക്കു രൂപം നല്കി. അന്ന് അപ്പൻ തമ്പുരാൻ സാഹിത്യരംഗത്തു പ്രശോഭിച്ചുകൊണ്ടിരുന്ന കാലമായിരുന്നു. കേരളചരിത്രത്തിലേയ്ക്ക് ഇറങ്ങിച്ചെന്ന് ഒരന്വേഷണം നടത്താനുള്ള പ്രോത്സാഹനം അദ്ദേഹത്തിൽനിന്നു ലഭിക്കുകയും ചെയ്തു. തൻെറ ആശയാഭിലാഷങ്ങൾ പൂവണിയുന്നതിനുമുമ്പു തന്നെ അപ്പൻതമ്പുരാൻ നിര്യാതനായി. അദ്ദേഹത്തിൻെറ നിര്യാണത്തിൽ അനുശോചിക്കുന്നതിനുവേണ്ടി തൃശ്ശൂർ ടൗൺ ഹാളിൽ ഒരു യോഗം ചേർന്നു. ആ യോഗത്തിൽവെച്ച് "അപ്പൻ തമ്പുരാൻ സാഹിത്യസമാജം" എന്നൊരു സംഘടനയ്ക്കുരൂപം നൽകി. സംഘടന പ്രസിദ്ധീകരണരംഗത്തേയ്ക്ക് ഇറങ്ങാൻ തീരുമാനിച്ചു. അന്ന് എന്തോ ചില കാരണങ്ങളാൽ മംഗളോദയം മാസികയുടെ പ്രസിദ്ധീകരണം നിന്നുപോയിരുന്നു. അതു് പുനർജീവിപ്പിക്കുവാനാണ് സംഘടന തീരുമാനിച്ചതു്. മുണ്ടശ്ശേരി അതിൽ പ്രമുഖമായ ഒരു സ്ഥാനം സ്വീകരിക്കുകയും ചെയ്തു. മംഗളോദയത്തിൽ സ്ഥാനം സ്വീകരിച്ചതോടെ അക്കാലത്തെ പ്രമുഖരായ പല സാഹിത്യകാരന്മാരുമായി ബന്ധപ്പെടാനും അവസരം ലഭിക്കുകയും ചെയ്തു. അങ്ങനെ ബന്ധപ്പെട്ടവരിൽ ചിലരാണ് സർദാർ കെ. എം. പണിക്കർ, കുട്ടികൃഷ്ണമാരാർ തുടങ്ങിയവർ.

അന്നത്തെ പ്രസിദ്ധമായ പ്രസിദ്ധീകരണസ്ഥാപനമായിരുന്നു മംഗളോദയം എന്ന സ്ഥാപനം. ആ സ്ഥാപനത്തിൻെറ എല്ലാമായിരുന്ന എ. കെ. ടി. കെ. എം. നമ്പൂതിരിപ്പാടിൻെറ സഹായഹസ്തം മംഗളോദയം മാസികയുടെ പുനഃപ്രസിദ്ധീകരണത്തിനു ലഭിച്ചു. മാസിക പുറത്തുവന്നു. ആററൂർ, ജി. ശങ്കരക്കുറുപ്പ്, വി. എം. കുട്ടികൃഷ്ണമേനോൻ, മുണ്ടശ്ശേരി എന്നിവക്കായിരുന്നു മാസികയുടെ പ്രസിദ്ധീകരണച്ചുമതല. മാനേജരാകട്ടെ എം. പി. ഭട്ടതിരിപ്പാടും. മാസ്റ്റർ കൈരളിയുമായുള്ള

ബന്ധം അവസാനിപ്പിച്ചു. മംഗളോദയത്തിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുവാൻ തുടങ്ങി. മലയാളത്തിൽ നിരൂപണസാഹിത്യത്തെ പുതിയ തലത്തിലേയ്ക്കു വളർത്താൻ ഈ അവസരം മാസ്റ്റർ വേണ്ടവിധത്തിൽ ഉപയോഗിച്ചു. ആ പ്രവർത്തനങ്ങളിൽ മാസ്റ്റർക്കു കുട്ടികൃഷ്ണമാരാർ, കുററിപ്പുഴ കൃഷ്ണപിള്ള, എ. ബാലകൃഷ്ണപിള്ള എന്നിവരുടെ സഹായങ്ങൾ ലഭിക്കുകയും ചെയ്തു.

മംഗളോദയത്തിൻെറ ആഭിമുഖ്യത്തിൽ "അപ്പൻ തമ്പുരാൻ സാഹിത്യസമാജം" ചർച്ചായോഗങ്ങൾ നടത്തിക്കൊണ്ടിരുന്നു. എന്നാൽ നിരൂപണങ്ങൾ കൾശമായിത്തുടങ്ങിയതോടെ സമാജത്തിൽ അഭിപ്രായവ്യത്യാസങ്ങൾ തലപൊക്കി. വി. കെ. നാരായണഭട്ടതിരിയെപ്പോലുള്ളവർ സമാജം വിട്ടുപോയി. മുണ്ടശ്ശേരിയും സഹയാത്രികരും പുരോഗമന സാഹിത്യസരണിയിൽക്കൂടിയുള്ള ജൈത്രയാത്ര തുടന്നു. ഈ പ്രയാണത്തിൽ ആശയപരമായ സംഘട്ടനങ്ങൾ ഉയർന്നുവന്നു. പ്രസ്ഥാനംതന്നെ ഒരു സ്തംഭനാവസ്ഥയിലായി. എന്നാൽ സാമൂഹ്യപുരോഗതിയുടെ പാതയിലേയ്ക്കു വെളിച്ചം വീശുന്ന പല കൃതികളും ഉദയം ചെയ്ത കാലമായിരുന്നു അതു്. കൊട്ടാരങ്ങളുടെ മുറികളിൽ ഒതുങ്ങിക്കൂടിയിരുന്ന സാഹിത്യചർച്ചകൾ ബഹുജനവേദികളിലേയ്ക്കു് ഇറങ്ങിത്തിരിച്ചു. ഏതാനും വ്യക്തികളിൽമാത്രം ഒതുങ്ങിക്കഴിഞ്ഞിരുന്ന സാഹിത്യരംഗത്തേയ്ക്കു സാധാരണ ജനങ്ങളുടെ ശ്രദ്ധ തിരിയുവാൻ തുടങ്ങി. തന്മൂലം വായനക്കാരുടെ എണ്ണം വർദ്ധിക്കുവാനും തുടങ്ങി. മംഗളോദയം സാംസ്കാരികമായ ഒരു ഉയർത്തെഴുന്നേല്പിനു വഴിയൊരുക്കിയെന്നുതന്നെ പറയാം.

## പ്രസിദ്ധീകരണങ്ങൾ

ജോസഫ് മുണ്ടശ്ശേരി സെൻറ് തോമാസ് കോളേജിൽ ഭാഷാവിഭാഗത്തിൻെറ അദ്ധ്യക്ഷനാകുന്നതിനു മുമ്പുതന്നെ 'ചിന്താമാധുരി' എന്നൊരു കവിതാസമാഹാരം പ്രസിദ്ധീകരിക്കുകയുണ്ടായി. അതു് 1928 ൽ ആയിരുന്നു. അതിൻെറ

അവതാരിക എഴുതിയത് വള്ളത്തോളായിരുന്നു. എന്നാൽ അതിനുശേഷം അദ്ദേഹത്തിൻെറ കവിതകൾ പ്രസിദ്ധീകരിച്ചതായി കാണുന്നില്ല. മാസ്റ്ററും എം. പി. പോളും കൂട്ടായി. 'ഇമിറേഷൻ ഓഫ് ക്രൈസ്റ്റ്" എന്ന കൃതി 'ക്രിസ്ത്വാനുകരണം' എന്ന പേരിൽ പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിച്ചുകാണുന്നുണ്ട്. സെൻറ് തോമാസ് കോളേജു മാസികയിലെ കരുണാ നിരൂപണവും മംഗളോദയത്തിൽ എഴുതിയ പിംഗള, മഗ്ദലമറിയം എന്നിവയുടെ നിരൂപണങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് 'മാറ്റൊലി' എന്നൊരു ഗ്രന്ഥം പ്രസിദ്ധീകരിച്ചു. സാഹിത്യരംഗത്തു വളരെയധികം ചലനം സൃഷ്ടിച്ച ഒരു ഗ്രന്ഥമായിരുന്നു അത്. ആ ഗ്രന്ഥത്തിലെ നിരൂപണത്തെ കയറിപ്പിടിച്ചു 'മറ്റൊലി' എന്നൊരു ഗ്രന്ഥം പ്രസിദ്ധീകരിക്കുകയുണ്ടായി. മാറ്റൊലിയുടെ മുഴക്കം അത്ര ശക്തമായിരുന്നു. മാസ്റ്റർ നിരൂപണത്തിൽ കൂടുതൽ ശ്രദ്ധചെലുത്താൻ തുടങ്ങി. അക്കൊല്ലം തന്നെ കണ്ണുഭൂഷണം, ചിന്താവിഷ്ടയായ സീത, അച്ഛനും മകളും എന്നീ കവിതകളെ താരതമ്യപഠനം നടത്തിക്കൊണ്ട് 'അന്തരീക്ഷം' എന്ന ഗ്രന്ഥം പ്രസിദ്ധീകരിച്ചു. സാഹിത്യരംഗത്തെ പിടിച്ചുകലുക്കിയ ഈ കൃതികൾ മാസ്റ്റർക്ക് ഒട്ടേറെ ശത്രുക്കളേയും മിത്രങ്ങളേയും സൃഷ്ടിച്ചു. തുടന്നു താരതമ്യപഠനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. കാവ്യപീഠിക എന്നൊരുത്കൃഷ്ടകൃതിയ്ക്കു ജന്മം നല്കി.

നിരൂപണഗ്രന്ഥങ്ങൾക്കു പുറമെ സാഹിത്യത്തിൻെറ മററു ശാഖകളിലും മാസ്റ്റർ കൈവെച്ചിട്ടുണ്ട്. മംഗളോദയം മാസികയിൽ പല ചെറുകഥകളും മാസ്റ്റർ രചിച്ച് പ്രസിദ്ധീകരിക്കുകയുണ്ടായിട്ടുണ്ട്. 1943 ൽ അങ്ങനെ എഴുതിയ പതിമൂന്നു ചെറുകഥകൾ സമാഹരിച്ചു 'സമ്മാനം' എന്ന പേരിലും 1944 ൽ പത്തു കഥകൾ സമാഹരിച്ചു. 'കടാക്ഷം' എന്ന പേരിലും 1947 ൽ ഏഴു കഥകൾ ഉൾക്കൊള്ളുന്ന 'ഇല്ലാപ്പോലീസ്" എന്ന പേരിലും പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയുണ്ടായിട്ടുണ്ട്.

1946 ൽ ആണ് നോവൽ രംഗത്തേക്കു കടന്നുവന്നത്. അക്കൊല്ലം അദ്ദേഹത്തിൻെറ ആദ്യത്തെ നോവലായ പ്രൊഫസർ പ്രസിദ്ധീകരിക്കപ്പെട്ടു. അതിനെ തുടന്നു 'കൊന്തയിൽ നിന്നു കരിശിലേയ്ക്കു",', 'പാറപ്പുറത്തു വിതച്ച വിത്ത്" തുടങ്ങിയ ചില നോവലുകൾകൂടി പ്രസിദ്ധീകൃതമായിട്ടുണ്ട്.

അതിനുപുറമെ അലക്സാണ്ടർ ഐ. സോംസെനിററ്സൺ എന്ന സോ.വിയററ് എഴുത്തുകാരൻെറ ഒരു ലഘുനോവൽ 'ആ വീട്' എന്നപേരിൽ വിവത്തനം ചെയ്ത പ്രസിദ്ധീകരിക്കുകയുണ്ടായിട്ടുണ്ട്.

സഞ്ചാര സാഹിത്യശാഖയിലും അദ്ദേഹം രചനകൾ നടത്തിയിട്ടുണ്ട്. ചൈന സന്ദർശനത്തിനുശേഷം 'ചൈന മുന്നോട്ട്' എന്നൊരു ഗ്രന്ഥം തൻെറ യാത്രാവിവരണങ്ങളും ചൈനയുടെ അക്കാലത്തെ ഏകദേശചിത്രവും നല്കുന്ന ഒരു ഗ്രന്ഥമാണ്. ലോകസമാധാനസമിതിയുടെ യോഗങ്ങളിൽ സംബന്ധിക്കുവാൻ അവസരം ലഭിച്ചപ്പോൾ ഇംഗ്ലണ്ട്, ഹോളണ്ട്, സ്വീഡൻ ഫ്രാൻസ്, റോം, തുടങ്ങിയ യൂറോപ്യൻ രാജ്യങ്ങളും സോവിയററു യൂണിയനും സന്ദർശിക്കുകയുണ്ടായി. ആ സന്ദർശനങ്ങളെ ആസ്പദമാക്കി 'നീണ്ട കത്തുകൾ' എന്നൊരു യാത്രാവിവരണഗ്രന്ഥവും കൂടി പ്രസിദ്ധീകരിക്കുകയുണ്ടായി. മലയാളത്തിലെ ആത്മകഥാഗ്രന്ഥങ്ങളിൽ പ്രഥമതഃ പരിഗണനനീയമാണ് 'കൊഴിഞ്ഞ ഇലകൾ' എന്നപേരിൽ മൂന്നുഭാഗമായി പ്രസിദ്ധീകരിച്ചിട്ടുള്ള അദ്ദേഹത്തിൻെറ ആത്മകഥ. താൻ ജിവിച്ച കാലത്തെ രാഷ്ട്രീയസാമൂഹ്യരംഗത്തേയും സാഹിത്യരംഗത്തേയും അനുഭവങ്ങളെ ഹൃദയസ്പൃക്കമായി അവതരിപ്പിച്ചിട്ടുള്ള ഈ ആത്മകഥാഗ്രന്ഥം കൈരളിയ്ക്കു ലഭിച്ച ഒരു അമൂല്യനിധിതന്നെയാണ്.

എന്നാൽ സാഹിത്യരംഗത്ത് കൊടുങ്കാററുയത്തിയത് അദ്ദേഹത്തിൻെറ നിരൂപണഗ്രന്ഥങ്ങളാണ്. ഒന്നിനു പുറകെ മറെറാന്നായി പുറത്തുവന്ന ഗ്രന്ഥങ്ങൾ ഭാഷയിലെ നിരൂപണരംഗത്ത് ഒരു ശുദ്ധികലശംതന്നെ നടത്തി. മാറെറാലി, അന്തരീക്ഷം, മാനദണ്ഡം, രൂപഭദ്രത, പ്രയാണം, കാലത്തിൻെറ കണ്ണാടി, വായനശാലയിൽ, പുതിയകാഴ്ചപ്പാടിൽ, രാജരാജൻെറ മാറെറാലി, കരിന്തിരി, നാടകാന്തം കവിത്വം തുടങ്ങിയവ നിരൂപണസാഹിത്യത്തിൽ ഒരു പുതുയുഗപ്പിറവിയെ കുറിക്കുന്ന ഗ്രന്ഥങ്ങളാണ്. ഇവയ്ക്കു പുറമെ ആനുകാലികങ്ങളിലായ അനവധി ലേഖനങ്ങൾ അദ്ദേഹം രചിക്കുകയും ചെയ്തിട്ടുണ്ട്.

# പത്രപ്രവർത്തനം

കത്തോലിക്കാ സമുദായത്തിൻേറതായി പ്രസിദ്ധീകരിച്ചിരുന്ന 'പ്രേഷിതൻ' എന്ന മാസികയുടെ പത്രാധിപത്യമാണ് മാസ്റ്റർ ആദ്യമായി തുടങ്ങിവെച്ചത്. പിന്നീട് കേരളം, കൈരളി, മംഗളോദയം എന്നിവയുടെ പത്രാധിപത്യം സ്വീകരിച്ച പ്രവത്തിച്ചിട്ടുണ്ട്. കൊച്ചിയിൽ സഹകരണപ്രസ്ഥാനത്തിൻെറ വളച്ച്യെ ലക്ഷ്യമാക്കി ആരംഭിച്ച 'സഹകരണബോധിനി', എന്ന മാസികയുടെ പത്രാധിപത്യം മാസ്റ്റർ വളരെക്കാലം വഹിച്ചപോന്നിട്ടുണ്ട്. കൊച്ചി സഹകരണ ഇൻസ്റ്റിററ്യൂട്ടിൻെറ ആഭിമുഖ്യത്തിലാണ് ആ മാസിക നടന്നുവന്നിരുന്നത്. അക്കാലത്ത് സഹകരണപ്രസ്ഥാനത്തെപ്പററി സവിസ്തരം പ്രതിപാദിച്ചിട്ടുള്ള അനേകലേഖനങ്ങൾ മാസ്റ്റർ എഴുതുകയുണ്ടായിട്ടുണ്ട്. 1952-53 കാലത്തു പ്രവത്തിച്ചിരുന്ന കൊച്ചിൻ ടീച്ചേഴ്സ് അസോസിയേഷൻെറ (സി. ടി. എ.) നേതൃത്വത്തിൽ (പിന്നീട് അതു ടി. സി. ടി. എ ആയി) പ്രസിദ്ധീകരിച്ചിരുന്ന നവപ്രഭ എന്ന മാസികയുടെ പത്രാധിപരും മുണ്ടശ്ശേരിയായിരുന്നു. അദ്ധ്യാപകരെ സംബന്ധിക്കുന്ന അനവധി പ്രശ്നങ്ങൾ ബഹുജനമദ്ധ്യത്തിൽ കൊണ്ടുവരുന്നതിനു് ആ മാസികയ്ക്കു കഴിഞ്ഞിട്ടുണ്ട്.

അവിഭക്ത കമ്മ്യൂണിസ്ററു പാർട്ടി തൃശ്ശൂരിൽനിന്നു് നവജീവൻ എന്ന പേരിൽ ഒരു ദിനപത്രം പ്രസിദ്ധീകരിച്ചിരുന്നു. അതിൻെറ ആദ്യകാല പത്രാധിപർ മുണ്ടശ്ശേരിയായിരുന്നു. നവജീവനിൽ മാസ്റ്റർ തയ്യാറാക്കി പ്രസിദ്ധീകരിച്ചിരുന്ന മുഖപ്രസംഗങ്ങൾ കേരളത്തിൻെറ രാഷ്ട്രീയ സാമൂഹ്യചരിത്രത്തിൽ ഒരു കോളിളക്കംതന്നെ സൃഷ്ടിച്ചിരുന്നു. ആക്കും എളുപ്പത്തിൽ ഗ്രഹിക്കാവുന്ന ഭാഷയിൽ അനീതികൾക്കെതിരെ ക്ഷുരമ്പുകൾ പ്രയോഗിച്ചിരുന്ന ആ മുഖപ്രസംഗങ്ങളുണ്ടല്ലോ ഒരു ചരിത്രസംഭവംതന്നെയായിരുന്നു. അന്നത്തെ ആ മുഖപ്രസംഗങ്ങൾ ശേഖരിച്ച് ഒരു ഗ്രന്ഥമാക്കി പ്രസിദ്ധീകരിച്ചിരുന്നുവെങ്കിൽ കൈരളിക്കു് അതു വലിയൊരു മുതൽക്കൂട്ടാകുമായിരുന്നു. മാതൃഭൂമി ആഴ്ചപ്പതിപ്പിലും മററുമായി ഓരോ വിഷയത്തേയുംപററി

മാസ്ററർ എഴുതിയിട്ടുള്ള ലേഖനങ്ങൾ എത്രയെത്ര വിലപ്പെട്ട വയായിരുന്നു. വിദ്യാഭ്യാസത്തെപ്പററിയായാലും ശാസ്ത്രത്തെപ്പററിയായാലും സാഹിത്യത്തെക്കുറിച്ചായാലും വസ്തുനിഷ്ഠമായി വിലയിരുത്തി അദ്ദേഹം എഴുതിയിട്ടുള്ള ലേഖനങ്ങൾ അന്നു ജീവിച്ചിരുന്നവർക്കെല്ലാം അറിയാവുന്ന ഒരു വസ്തുതയാണ്.

മാസ്ററർ നവജീവൻ പത്രാധിപരായിരുന്ന കാലത്ത് എഴുതിയ ഒരു മുഖപ്രസംഗത്തെപ്പററി ഇന്നും ഈ ലേഖകൻ ഓർത്തുപോവുകയാണ്. അന്നു ചേർപ്പിൽ 'വാർധാ വിദ്യാഭ്യാസ പദ്ധതി'യുടെ അടിസ്ഥാനത്തിലുള്ള പരിശീലനം നൽകുന്ന ഒരു വിദ്യാലയമുണ്ടായിരുന്നു. അടിസ്ഥാനവിദ്യാഭ്യാസ പരിശീലനം എന്നാണ് അതിനു പറഞ്ഞിരുന്ന പേർ. സംസ്ഥാനത്തിൻെറ പല ഭാഗത്തുനിന്നുമായി ഏതാനും അദ്ധ്യാപികമാരും അദ്ധ്യാപകന്മാരും ഈ കേന്ദ്രത്തിൽ ഉണ്ടായിരുന്നു. പുലർച്ചെ 5 മണിയോടെ പരിപാടികൾ ആരംഭിക്കുകയായി. സർവ്വമത പ്രാർത്ഥന, ശുചീകരണം, തിയറി ക്ലാസ്, നൂൽനൂല്പ് (തക്ലിയിലും ചർക്കയിലും) തുടങ്ങിയവയാണ് പ്രധാനവിഷയങ്ങൾ. മാസത്തിൽ ഒരു നിശ്ചിത അളവ് നൂൽ (സ്വയം നൂററത്) നൽകുകയും ആ തൊഴിലിനെ ആസ്പദമാക്കിയുള്ള പഠനമായിരുന്നു അന്നത്തെ രീതി. അന്നു നിലവിലുണ്ടായിരുന്ന വിദ്യാഭ്യാസരീതിക്കു ബദലായി കൊണ്ടുവരുവാൻ ഉദ്ദേശിച്ചായിരുന്നു ഈ പദ്ധതി – പിന്നീട് ഏതാനും വിദ്യാലയങ്ങളിൽ നടപ്പാക്കുകയും ചെയ്തു. ഏതു വിഷയം പഠിപ്പിക്കുകയാണെങ്കിലും തെരഞ്ഞെടുക്കപ്പെട്ട തൊഴിലുമായി ബന്ധപ്പെടുത്തിവേണം പാഠത്തിലേയ്ക്കു കടക്കാൻ. ഉദാഹരണമായി അശോക ചക്രവർത്തിയുടെ പാഠമാണ് പഠിപ്പിക്കേണ്ടതെന്നു വിചാരിക്കുക. തെരഞ്ഞെടുത്തിരിക്കുന്ന തൊഴിൽ നൂൽനൂല്പും. നൂലിൽ നിന്നു് അശോകനെ കൊണ്ടുവരണം. നൂലിൻെറ ഉപയോഗം വസ്ത്രനിർമ്മാണം, പിന്നെ കൊടി തുടങ്ങിയവ. കൊടിയിൽ എത്തിയാൽ ദേശീയപതാകയെപ്പററി പറയണം. തുടർന്നു് അതിലെ അശോകചക്രത്തിൽ എത്തിയാൽ അശോകനെപ്പററിയുള്ള പാഠത്തിലേയ്ക്കു കടക്കാം. തുടർച്ചയായ പാഠങ്ങളോ പാഠപുസ്തകങ്ങളുടെ ഉപയോഗമോ കുറവായിരുന്നു. തൽഫലമായി ഈ രീതി ഏർപ്പെടുത്തിയ വിദ്യാലയങ്ങളിൽ കുട്ടികൾ അക്ഷരജ്ഞാനംപോലും ഇല്ലാത്തവരായി. പോരെങ്കിൽ ഓരോ

കൂട്ടിയും നിശ്ചിതതോതു് തൊഴിൽ ചെയ്യുകയും വേണം. മിക്കവാറും തൊഴിൽ നൂൽനൂല്പായതിനാൽ നൂലിൻെറ അളവാണു് നിശ്ചയിക്കപ്പെട്ടിരുന്നതു്.

ഈ പരിശീലനരീതിയേയും അന്നു് ആ കേന്ദ്രത്തിൽ നടന്നിരുന്ന ഭരണസംവിധാനത്തേയും കശക്കിക്കൊണ്ടു് വിസ്തരിച്ചൊരു മുഖപ്രസംഗം മാസ്ററർ നവജീവനിൽ എഴുതി. മുഖപ്രസംഗം വന്നതോടെ ആ പരിശീലനകേന്ദ്രത്തിൻെറ ഹെഡ്മാസ്ററർ ചന്ദ്രഹാസമിളക്കി വിദ്യാൎത്ഥികളെ ചോദ്യംചെയ്യാൻ തുടങ്ങി. വിദ്യാലയത്തിനകത്തു് നടന്നിരുന്ന ഓരോ ചലനത്തേയും ഒരു ദൃക്സാക്ഷിയെപ്പോലെ ബഹുജനമദ്ധ്യത്തിൽ കൊണ്ടുവരുവാൻ ആ മുഖപ്രസംഗം സഹായകരമായി. പല വിദ്യാഭ്യാസ വിചക്ഷണന്മാരും പദ്ധതിയുടെ വൈകല്യങ്ങളെപ്പററി വിലയിരുത്താൻ തുടങ്ങി. തൽഫലമായി ആ പദ്ധതിതന്നെ ക്രമേണ ഇല്ലാതാവുകയും ചെയ്തു.

ഒരു പത്രത്തിൻെറ മുഖപ്രസംഗത്തിനു് എത്രകണ്ടു ശക്തിയുണ്ടെന്നു് ഈ മുഖപ്രസംഗംതന്നെ ഉദാഹരണമാണു്. മുഖപ്രസംഗങ്ങൾ വഴി മാസ്ററർ എയ്തുവിട്ട ശരങ്ങൾ കൊള്ളേണ്ടിടങ്ങളിൽതന്നെ കൊള്ളുകയും ഉദ്ദേശിച്ച ഫലം സൃഷ്ടിക്കുകയും ചെയ്തു.

## രാഷ്ട്രീയരംഗം

അന്ധവിശ്വാസങ്ങളേയും അനീതികളേയും ചോദ്യംചെയ്യുക എന്നൊരു പ്രവണത മാസ്റററിൽ ബാല്യം മുതല്ക്കുതന്നെ അങ്കുരിച്ചിരുന്നു. ആ പ്രവണതയുടെ വളർച്ചയുടെ ഫലമായി മാസ്ററർ ഒരു ഉൽപ്പതിഷ്ണുവായി മാറി. സാമൂഹ്യരംഗത്തും രാഷ്ട്രീയരംഗത്തും അക്കാലത്തുണ്ടായിരുന്ന ചലനങ്ങൾ മാസ്റ്ററിലും പല ചലനങ്ങൾ സൃഷ്ടിച്ചു. സെൻറ് തോമാസ് കോളേജിലെ അദ്ധ്യാപകനായതോടെ സാമൂഹ്യ രാഷ്ട്രീയ പ്രശ്നങ്ങളെ മനസ്സിലാക്കാനുള്ള അവസരങ്ങളും ലഭിച്ചു.

സ്വാതന്ത്ര്യലബ്ധിക്കുമുമ്പ് കൊച്ചിയിലും തിരുവിതാംകൂറിലും അഖിലേന്ത്യാ കോൺഗ്രസ്സിൻെറ പ്രവൎത്തനം ഇന്നത്തെപ്പോലെയായിരുന്നില്ല. സ്വതന്ത്രമായ നിലയിൽ പ്രവൎത്തിക്കാവുന്ന സംഘടനകളായിട്ടായിരുന്നു. തിരുവിതാംകൂറിൽ സ്റേറററ് കോൺഗ്രസ്സും കൊച്ചിയിൽ പ്രജാമണ്ഡലവുമായിരുന്നു പ്രധാന രാഷ്ട്രീയകക്ഷികൾ. പ്രജാമണ്ഡലത്തിലെ അന്നത്തെ പ്രമുഖനേതാക്കളുമായി മാസ്ററൎക്കു ബന്ധപ്പെടുവാൻ കഴിഞ്ഞിരുന്നു. അതിൻെറ ഫലമായി 1947_ൽ പ്രജാമണ്ഡലം ടിക്കററിൽ ചേററുപുഴ നിയോജകമണ്ഡലത്തിൽനിന്നു മാസ്ററർ കൊച്ചി നിയമസഭയിലേയ്ക്കു തെരഞ്ഞെടുക്കപ്പെട്ടു. 1949_ൽ നടന്ന തിരു_കൊച്ചി സംയോജനത്തോടെ മാസ്ററർ തിരു_കൊച്ചി നിയമസഭയിൽ അംഗമായിത്തീരുകയുംചെയ്തു.

കൊച്ചി രാജ്യപ്രജാമണ്ഡലം ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൻെറ ഘടകമായിത്തീൎന്നു. അതോടെ രാഷ്ട്രീയരംഗത്തു പല വ്യതിയാനങ്ങളും വന്നുചേൎന്നു. മാസ്ററർ പ്രജാമണ്ഡലവുമായുണ്ടായിരുന്ന ബന്ധം വിട്ടു. 1953_ൽ ഐക്യമുന്നണി സ്വതന്ത്രനായി ചേൎപ്പ് നിയോജകമണ്ഡലത്തിൽനിന്നു തെരഞ്ഞെടുക്കപ്പെട്ടു. ഈ കാലയളവിൽ മാസ്ററർ ശക്തനായ ഒരു നിയമസഭാംഗമായി കണക്കാക്കപ്പെട്ടു. മാസ്റററുടെ തുളച്ചുകയറുന്ന ചോദ്യങ്ങളും അൎത്ഥഗൎഭമായ പ്രസ്താവനകളും എല്ലാവരാലും ശ്രദ്ധിക്കപ്പെടാൻ തുടങ്ങി. പ്രത്യേകിച്ച് അദ്ധ്യാപകരെ സംബന്ധിക്കുന്ന പ്രശ്നങ്ങൾ ഇത്ര ശക്തമായി അവതരിപ്പിട്ടുള്ള ഒരു നിയമസാമാജികൻ അക്കാലത്തുണ്ടായിരുന്നില്ലെന്നുതന്നെ പറയാം. കൂടാതെ അക്കൗണ്ട്സ് കമ്മിററി, എസ്റ്റിമേററ് കമ്മിററി എന്നിവയുടെ അദ്ധ്യക്ഷനായി പ്രവൎത്തിച്ച് ഏവരുടേയും ശ്രദ്ധ പിടിച്ചുപററാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. ഒരിക്കൽ അക്കൗണ്ട്സ് കമ്മിററിയുടെ ഒരു യോഗം ഡൽഹിയിൽവെച്ചു കൂടുകയുണ്ടായി. ആ യോഗത്തിൽ തത്വചിന്തകനും ഇന്ത്യൻ യൂണിയൻ പ്രസിഡണ്ടുമായിരുന്ന ഡോക്ടർ എസ്. രാധാകൃഷ്ണനുമായി ബന്ധപ്പെടുവാൻ അവസരമുണ്ടായി. അദ്ദേഹവുമായുള്ള ആ ബന്ധം മാസ്റററിൽ അനല്പമായ സ്വാധീനശക്തി ചെലുത്തുകയും ചെയ്തു.

പിന്നീട് കുറച്ചുകാലം തിരു_കൊച്ചിയിൽ പ്രസിഡണ്ട് ഭരണമായിരുന്നു. 1956_ൽ കേരളസംസ്ഥാനം രൂപീകൃത

മായി. രാഷ്ട്രീയ സാമൂഹ്യരംഗങ്ങളിൽ സജീവ പ്രവത്തനത്തിലായിരുന്നു മാസ്ററർ. 1957-ൽ കേരള നിയമസഭയിലേയ്ക്കുള്ള ഒന്നാമത്തെ തെരഞ്ഞെടുപ്പ് നടന്നു. ആ തെരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്ററുപാർട്ടിയുടെ സ്വതന്ത്രനായി മാസ്ററർ തെരഞ്ഞെടുക്കപ്പെട്ടു. കമ്മ്യൂണിസ്ററുപാർട്ടിക്കും സ്വതന്ത്രന്മാർക്കുംകൂടി നിയസഭയിൽ ഭൂരിപക്ഷം ലഭിച്ചു. ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടിൻെറ നേതൃത്വത്തിൽ രൂപംകൊണ്ട കേരളത്തിലെ ഒന്നാമത്തെ മന്ത്രിസഭയിൽ മാസ്ററർ വിദ്യാഭ്യാസമന്ത്രിയായിത്തീരുകയും ചെയ്തു.

കേരളം കണ്ട വിദ്യാഭ്യാസമന്ത്രിമാരിൽ ഏററവും പ്രഗത്ഭനായതു മുണ്ടശ്ശേരിതന്നെയാണെന്നു സംശയലേശമെന്യേ പറയാം. അദ്ദേഹം വിദ്യാഭ്യാസരംഗത്തു് കൈക്കൊണ്ട ധീരമായ നടപടികാം എക്കാലത്തും സ്മരിക്കപ്പെടുന്നവയാണ്. അദ്ധ്യാപകരുടെ ''മാഗ്നാ കാർട്ട'' എന്നു പറയാവുന്ന വിദ്യാഭ്യാസബിൽ നിയമമാക്കിയതു് മാസ്ററരുടെ കരുത്താൻ കൈകളാണ്, അതിനു് സഹായിച്ചതാകട്ടെ അന്നത്തെ കമ്മ്യൂണിസ്ററ് ഗവർമ്മേണ്ടും ബഹുജനങ്ങളും.

ആ ബിൽ തയ്യാറാക്കി നിയമമാക്കുന്നതിനിടയിൽ മാസ്ററർക്കുനേരെ എത്രയെത്ര പ്രതിഷേധപ്രകടനങ്ങളും കൊലവിളികളുമാണ് നടന്നതു്! അതിനു നേതൃത്വം കൊടുത്തവവരിൽ പ്രമുഖർ സ്വന്തം സമുദായക്കാർതന്നെയായിരുന്നു. ബില്ലിൻെറ സംരക്ഷണാർത്ഥം ഒരു വിഭാഗം അദ്ധ്യാപകർ ശക്തമായി മുന്നോട്ടുവന്നപ്പോരം മറെറാരു വിഭാഗം അദ്ധ്യാപകർതന്നെ രാഷ്ട്രീയപ്രേരിതമായി ബില്ലിനെതിരായി രംഗത്തുവന്നു. പക്ഷേ കമ്മ്യൂണിസ്ററ് ഗവർമ്മേണ്ടിൻെറ ശക്തമായ നീക്കങ്ങളും മാസ്ററരുടെ കരുത്തും ഒത്തുകൂടിയപ്പോരം ആ ബിൽ നിയമമായി. അന്നു് എതിർത്ത അദ്ധ്യാപകരടക്കമുള്ളവർ അതിൻെറ ആനുകൂല്യങ്ങരം അനുഭവിക്കുകയും ചെയ്തു.

കമ്മ്യൂണിസ്ററ് ഗവർമ്മേണ്ടിൻെറ വിദ്യാഭ്യാസബില്ലും കാഷികബന്ധ ബില്ലും സ്ഥാപിതതാല്പര്യക്കാരെ അസ്വസ്ഥരാക്കി. അവർ ഗവർമ്മേണ്ടിനെതിരെ വിമോചനസമരം ആരംഭിച്ചു. അന്നത്തെ കേന്ദ്രഗവർമ്മേണ്ട് വിമോചനസമരക്കാരുടെ സഹായത്തിനെത്തി. 1959-ൽ ഭൂരിപക്ഷമുണ്ടായി

രുന്നിട്ടും കമ്മ്യൂണിസ്ററ്മന്ത്രിസഭയെ പിരിച്ചുവിട്ടു. കേരളം പ്രസിഡണ്ട് ഭരണത്തിൻകീഴിലായി.

1960-ൽ വീണ്ടും തെരഞ്ഞെടുപ്പു നടന്നു. പക്ഷേ അതിൽ മാസ്ററർ പരാജയപ്പെടുകയാണുണ്ടായത്. അതോടെ കുറച്ചു നാരം രാഷ്ട്രീയരംഗത്തുനിന്നു മാറിനിന്നു് തൻെറ ശ്രദ്ധ സാഹിത്യരംഗത്തേയ്ക്കും സഹകരണപ്രസ്ഥാനത്തിലേയ്ക്കും തിരിച്ചു. എന്നാൽ 1967-ൽ കേരളത്തിൽ നടന്ന തെരഞ്ഞെടുപ്പിൽ വീണ്ടും ഇം. എം. എസ്. നമ്പൂതിരിപ്പാടിൻെറ നേതൃത്വത്തിലുള്ള മന്ത്രിസഭ അധികാരത്തിൽ വന്നു.

മാസ്ററുടെ കഴിവുകളെ പരിഗണിച്ച് അദ്ദേഹത്തെ പ്ലാനിങ്ങ് ബോർഡ് അംഗമാക്കി. ആ മന്ത്രിസഭ ഇല്ലാതായതോടെ പ്ലാനിങ്ങ് ബോർഡും പിരിച്ചുവിട്ടു. തിരുവനന്തപുരത്തായിരുന്ന മാസ്ററർ തൃശ്ശൂരിലേയ്ക്കു മടങ്ങിപ്പോരുകയും ചെയ്തു.

1970-ൽ തൃശ്ശൂരിൽ ഒരു ഇടക്കാലതെരഞ്ഞെടുപ്പു വേണ്ടി വന്നു. ആദ്യമൊക്കെ ഒഴിഞ്ഞുമാറിയ മാസ്ററർ പലരുടേയും സ്നേഹപൂർവ്വമായ നിർബ്ബന്ധത്തിനുവഴങ്ങി പ്രതിപക്ഷസ്ഥാനാർത്ഥിയായി മത്സരിച്ചു ജയിച്ചു. പ്രതിപക്ഷത്തുനിന്നുള്ള മാസ്ററുടെ വസ്തുനിഷ്ഠമായ വിമർശനങ്ങരം ഇന്നും നിയമസഭാറിക്കാഡുകളിൽ കാണാവുന്നതാണ്. 1972-ൽ കൊച്ചി സർവ്വകലാശാല രൂപീകൃതമായി. അന്നു് മുഖ്യമന്ത്രി സി. അച്ചുതമേനോനായിരുന്നു. അദ്ദേഹം മുണ്ടശ്ശേരിയെ ആ സർവ്വകലാശാലയുടെ വൈസ് ചാൻസലറാക്കാൻ ആഗ്രഹിച്ചു. അതിനുള്ള നീക്കങ്ങളും നടത്തി. തുടർന്നു് മാസ്ററർ എം എൽ. എ. സ്ഥാനം രാജിവെച്ചു. കൊച്ചി സർവ്വകലാശാലയുടെ പ്രഥമ വൈസ്ചാൻസലറായിത്തീരുകയും ചെയ്തു. ഈ സ്ഥാനം സ്വീകരിച്ചിരുന്നതിനെപ്പററി മാസ്ററർ ആത്മകഥയിൽ പറഞ്ഞിരിക്കുന്നത് ഇപ്രകാരമാണ്. "പല കടമ്പകളും ചാടിക്കടന്നു ഞാനും ഒരു വൈസ്ചാൻസലറായി എന്നേ പറയേണ്ടു. ഒരു പ്രൈമറി ക്ലാസദ്ധ്യാപകനായി ജീവിതമാരംഭിച്ച എനിക്ക് ഉത്തരവാദപ്പെട്ട പല ജോലികളും ചെയ്തു്, ജീവിതസായാഹ്നത്തിൽ പുതിയൊരു സർവ്വകലാശാലയുടെ വൈസ്ചാൻസലറാവാനൊത്തതു തീർച്ചയായും ചാരിതാർത്ഥ്യകരമായിരുന്നു. ഏറെക്കാലം വിദ്യാ

ഭ്യാസരംഗത്തനുഷ്ഠിച്ച സേവനത്തിൻേറയും നടത്തിയ പഠനങ്ങളുടേയും അംഗീകാരമായി ഈ നിയമനത്തെ ഞാൻ കണക്കാക്കിയാൽ അതിൽ അനൗചിത്യമോ അഹന്തയോ ഉണ്ടാവില്ലെന്നാണു് എൻെറ വിശ്വാസം''.

## അംഗീകാരങ്ങൾ

സാഹിത്യരംഗത്തെ മാസ്ററുടെ കുതിച്ചുകയററമാണു് പല ബഹുമതികളും കരസ്ഥമാക്കാൻ ഇടയാക്കിയത്. ഇന്നത്തെപ്പോലെ തൊട്ടതിനൊക്കെ അവാർഡുകൾ നൽകുന്ന കാലമായിരുന്നില്ല അന്ന്. കൊച്ചിയിലും തിരുവിതാംകൂറിലും രാജാക്കന്മാർ ഭരിച്ചിരുന്ന കാലം. അന്നു് അപൂർവ്വമായിട്ടേ രാജാക്കന്മാർ ബഹുമതികൾ നല്കാറുണ്ടായിരുന്നുള്ളൂ. എന്നാൽ മുണ്ടശ്ശേരിക്കു് അന്നത്തെ കൊച്ചി മഹാരാജാക്കന്മാരിൽനിന്നു് 'സാഹിത്യനിപുണൻ', 'സാഹിത്യകുശലൻ' എന്നീ ബഹുമതികൾ ലഭിക്കുകയുണ്ടായി. കൊച്ചി സർവ്വകലാശാലയുടെ വൈസ് ചാൻസലർ പദവിതന്നെ വിദ്യാഭ്യാസരംഗത്തുള്ള കഴിവിൻെറ ഒരു അംഗീകാരമായിരുന്നു. കൂടാതെ വൈസ്ചാൻസലർ ആയിരിക്കുമ്പോൾ സോവിയററ്ലാൻറ് അവാർഡ് ലഭിച്ചു. കേന്ദ്രസാഹിത്യ അക്കാദമി അംഗമായി പ്രവർത്തിക്കാനും അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ടു്. കേരള സാഹിത്യ അക്കാദമിയുടെ ആരംഭം മുതൽക്കുതന്നെ അതുമായി ബന്ധപ്പെട്ടു പ്രവർത്തിച്ചുപോന്ന മാസ്റ്റർക്കു് മരിക്കുന്നതിൻെറ ഒരു വർഷം മുമ്പാണ് കേരള സാഹിത്യ അക്കാദമി ഫെല്ലോഷിപ്പ് നല്കിയത്.

പ്രവർത്തിച്ചിട്ടുള്ള ഏതൊരു രംഗത്തും വ്യക്തിമുദ്ര പതിപ്പിക്കാൻ കഴിഞ്ഞിട്ടുള്ള അപൂർവ്വവ്യക്തിത്വത്തിൻെറ ഉടമയായിരുന്നു മാസ്ററർ. സാഹിത്യമായാലും സഹകരണ പ്രസ്ഥാനമായാലും വിദ്യാഭ്യാസരംഗമായാലും മാസ്ററർ വിശാലമായ വീക്ഷണഗതിയോടെ പ്രവർത്തിച്ചുപോന്നു. അതിൻെറ ഫലമായി ആ രംഗങ്ങളിലെല്ലാം അതിൻേറതായ നേട്ടം കൈവരിക്കുകയും ചെയ്തു. വിദ്യാഭ്യാസരംഗത്തെ വിദ്യാഭ്യാസബില്ല്, സാഹി

ത്യരംഗത്തെ നിരൂപണങ്ങറം, സഹകരണ പ്രസ്ഥാനത്തിലെ നിയമനിമ്മാണങ്ങറം തുടങ്ങിയവ ഉദാഹരണങ്ങളാണ്. ആ രംഗങ്ങളിലെല്ലാം ജനങ്ങളുടെ അംഗീകാരം നേടാനും അദ്ദേഹത്തിനു കഴിഞ്ഞു.

ലോകകാര്യങ്ങളിലും മാസ്ററർ ശ്രദ്ധ പതിപ്പിക്കാതിരുന്നില്ല. ലോകസമാധാന പ്രസ്ഥാനത്തിൽ സജീവമായി പങ്കെടുത്ത് ആ പ്രസ്ഥാനത്തിൻെറ അംഗീകാരം നേടുകയുണ്ടായി. 1951_52 കാലത്ത് ലോകസമാധാന പ്രസ്ഥാനത്തിൻെറ ഒരു പ്രതിനിധിയായി ചൈന സന്ദശിക്കുകയുണ്ടായി. ആ സന്ദശ്നം ഒരു ചരിത്രസംഭവം തന്നെയായിരുന്നു. ചൈനയ്ക്കുണ്ടായ പുരോഗതി നേരിൽ കണ്ടു് അതിനെ വിലയിരുത്തി ഒരു ഗ്രന്ഥം പ്രസിദ്ധീകരിച്ചു. ചൈനയെപ്പററി സാധാരണ ജനങ്ങറംക്ക് കൂടുതൽ കാര്യങ്ങറം ഗ്രഹിക്കുവാൻ ആ ഗ്രന്ഥം വളരെയധികം സഹായിച്ചിട്ടുണ്ടു്. ലോകസമാധാന പ്രസ്ഥാനത്തിൽ മാസ്റ്റർ സജീവമായി പങ്കുകൊണ്ടു. തന്മൂലം കേരളത്തിൽനിന്നുള്ള പ്രതിനിധിയായി ഒരു യൂറോപ്യൻ പര്യടനത്തിനു് അവസരം ലഭിച്ചതിനെപ്പററി നേരത്തെ സൂചിപ്പിച്ചിട്ടുണ്ടല്ലോ. ഇങ്ങനെ ഒരു വ്യക്തിയെന്ന നിലയിൽ മാസ്ററററെ അംഗീകരിക്കാത്ത മേഖലകറം ചുരുക്കമായിരിക്കും.

സാഹിത്യകാരൻ, വിദ്യാഭ്യാസവിചക്ഷണൻ, സഹകാരി, സാംസ്കാരിക പ്രവത്തകൻ, വാഗ്മി തുടങ്ങി എല്ലാ മേഖലകളിലും തൻേറതായ ഒരു പ്രത്യേക വ്യക്തിത്വത്തിൻെറ ഫലമായി അംഗീകാരം ലഭിച്ച ഒരു വ്യക്തിയായിരുന്നു മുണ്ടശ്ശേരി.

## കുടുംബം

മാസ്റ്ററുടെ വിവാഹാനന്തരം കുടുംബജീവിതത്തിൻെറ വിജയത്തിൽ വലിയൊരു പങ്കുവഹിച്ചതു് അദ്ദേഹത്തിൻെറ സഹധമ്മിണിയായിരുന്ന ശ്രീമതി കത്രീനയാണ്. എത്രയെത്ര ത്യാഗപൂണ്ണമായ ജീവിതമാണ് അവർ നയിച്ചിട്ടുള്ളതെന്നു്

അടുത്തു ബന്ധപ്പെട്ടവർക്കുമാത്രമേ അറിയാൻ കഴിയൂ. അവർ ജനിച്ചതും വളന്നതും തൃശ്ശൂരിലെ ഒരു കുലീന കുടുംബമായ കന്നത്തു മത്തായി തോമയുടെ മകളായിട്ടാണ്. മുണ്ടശ്ശേരി ദമ്പതിമാക്ക് മൂന്നു ആണും നാലുപെണ്ണുമായി ഏഴ് മക്കൾ ജനിച്ചു. മക്കളുടെ പഠനകാര്യത്തിൽ ആ ദമ്പതികൾ സജീവ ശ്രദ്ധ ചെലുത്തി. മൂത്ത മകൻ ജോർജ്ജ് എഞ്ചിനീയറിങ്ങിൽ ഡിഗ്രി യെടുത്ത് എഫ്. എ. സി. ടി. യിൽ ഒരു ഉദ്യോഗസ്ഥനായി. എന്നാൽ രണ്ടാമത്തെ മകൻ തോമാസാകട്ടെ പഠനത്തേക്കാൾ ശ്രദ്ധ കേന്ദ്രീകരിച്ചതു് വ്യവസായത്തിലായിരുന്നു. ഭാവനാസമ്പന്നനായ ആ ചെറുപ്പക്കാരൻ ഒരു കാലഘട്ടത്തിൽ കേരളത്തിലങ്ങോളമിങ്ങോളം പ്രസിദ്ധീകരണരംഗത്ത് ഒരു കൊടുങ്കാററുയർത്തിയ കറൻറ് ബുക്കിൻെറ സ്ഥാപകൻ തോമാസാണ്. മാസ്റ്ററുടെ മരണശേഷം 1982-ൽ ആ സാഹസികൻ അകാലചരമമടഞ്ഞു. മൂന്നാമത്തെ മകനായ ജോസ്, കേരളത്തിൽ എഞ്ചിനീയറിങ്ങ് ഡിഗ്രിയെടുത്ത് അമേരിക്കയിൽ വളരെ വലിയ നിലയിലുള്ള ഒരു എഞ്ചിനീയറായി ജോലി നോക്കുന്നു. പെൺമക്കളിൽ മൂത്തവളായ ഡോക്ടർ മേരി മെഡിക്കൽകോളേജ് പ്രൊഫസറായി ജോലിനോക്കി വരികെയാണ് മാസ്റ്റർ മരിച്ചതു്. അവരുടെ ഭർത്താവും മെഡിക്കൽ കോളേജ് പ്രൊഫസറായിരുന്നു. എന്നാൽ അദ്ദേഹം മരിച്ചു. എങ്കിലും ഡോക്ടർ മേരി സത്യദാസ് റിട്ടയർ ചെയ്ത് സംതൃപ്തമായ കുടുംബജീവിതം നയിച്ചുവരുന്നു. ഡോ. സത്യദാസിൻെറ മരണവും മാസ്റ്ററുടെ മരണത്തിനുശേഷമായിരുന്നു. രണ്ടാമത്തെ മകൾ ഡോക്ടർ റോസി തൊടുപുഴയിലെ ഒരു പ്രസിദ്ധ കുടുംബത്തിലെ എഞ്ചിനീയറെ വിവാഹം ചെയ്തു വീട്ടിൽ തന്നെ പ്രാക്ടീസുമായി സന്തോഷത്തോടെ ജീവിച്ചുവരുന്നു. മൂന്നാമത്തെ മകൾ സലോമി ഒരു കോളേജ് പ്രൊഫസറുടെ ഭാര്യയാണ്. പ്രൊഫസർ ഈയിടെ റിട്ടയർ ചെയ്തു. അവരും സംതൃപ്തിയോടെയുള്ള ജീവിതമാണ് നയിച്ചുവരുന്നതു്. ഏററവും ഇളയമകളായ ടെസലയെ ഒരു ഡോക്ടറാണ് വിവാഹം ചെയ്തിരിക്കുന്നതു്. അവരും സൗഖ്യത്തോടെതന്നെ കഴിഞ്ഞുകൂടുന്നു. ഈ അടുത്ത കാലത്ത് മാസ്റ്ററുടെ സഹധർമ്മിണി വാർദ്ധക്യസഹജമായ രോഗത്താൽ നിര്യാതയായി. മററു മക്കളിൽ തോമാസ് ഒഴികെ എല്ലാവരും ജീവിച്ചിരിപ്പുണ്ടു്. തോമാസിൻെറ ഏകമകൻ പെപ്പിൽ തൃശ്ശൂരിലെ കറൻറ് ബുക്കു് വിജയകരമായി നടത്തിപ്പോരുന്നു.

# സംഘടനാരംഗത്ത്

അദ്ധ്യാപകപ്രശ്നങ്ങളാണ് മാസ്ററെ യഥാർത്ഥത്തിൽ സംഘടനാ രംഗത്തേയ്ക്കു കൊണ്ടുവന്നത്. ജോലിസ്ഥിരതയില്ലായ്മ കൃത്യമായി ശമ്പളം ലഭിക്കാതിരിക്കൽ തുടങ്ങി പ്രൈവററ് മേഖലയിലെ അദ്ധ്യാപകരെ സംബന്ധിച്ചിടത്തോളം ഒരു നൂറായിരം പ്രശ്നങ്ങളുണ്ടായിരുന്നു. മാസ്റ്റർ സെൻറ് തോമാസ് കോളേജ് അദ്ധ്യാപകനായിരുന്ന കാലം മുതല്ക്കുതന്നെ അന്നു കൊച്ചിരാജ്യത്തു നിലവിലുണ്ടായിരുന്ന അദ്ധ്യാപകസംഘടനകളുമായി ബന്ധപ്പെട്ടിരുന്നു അന്നു കൊച്ചിയിലുണ്ടായിരുന്ന പ്രൈവററദ്ധ്യാപകസംഘടനകളായിരുന്നു കെ. എ. പി. ടി. യൂണിയൻ, സി. ടി. എ. തുടങ്ങിയ സംഘടനകൾ. അതിൽ പ്രൈമറി അദ്ധ്യാപകരുടെ പ്രശ്നങ്ങളാണ് പ്രധാനമായും കെ. എ. പി. ടി. യൂണിയൻ കൈകാര്യം ചെയ്തിരുന്നത്. എല്ലാ വിഭാഗം അദ്ധ്യാപകക്കും പ്രൈവറെറന്നോ സക്കാരെന്നോ വ്യത്യാസമില്ലാതെ അംഗമാകാവുന്ന സംഘടനയായിരുന്നു കൊച്ചിൻ ടീച്ചേഴ്സ് അസോസിയേഷൻ(സി ടി.എ.). അക്കാലത്തു കെ.എ.പി.ടി. യൂണിയൻെറ സജീവ പ്രവത്തകനായിരുന്ന പി. ജെ. കുഞ്ഞുവറീതുമായിട്ടുള്ള ബന്ധം മാസ്റ്ററെ സി. ടി. എ. യുമായി അടുപ്പിച്ചു. മാത്രമല്ല അതിൻെറ പ്രവത്തനങ്ങളിൽ സജീവമായി പങ്കെടുക്കാനും തുടങ്ങി. തുടന്ന് മാസ്റ്റർ സി. ടി. എ. യുടെ പ്രസിഡണ്ടായിത്തീന്നു. പ്രൈവററ് സ്കൂറം അദ്ധ്യാപകരുടെ പ്രശ്നങ്ങളെ കാര്യമായി മനസ്സിലാക്കാനും അവയ്ക്കു കഴിയുന്ന പരിഹാരമാഗ്ഗങ്ങരം കാണാനും മാസ്റ്റർ സജീവമായി രംഗത്തു വന്നു.

1949_ൽ തിരു_കൊച്ചി സംയോജനത്തോടെ സി ടി എ തിരു_കൊച്ചി ടീച്ചേഴ്സ് അസോസിയേഷൻ(ടി.സി.ടി.എ.) എന്ന സംഘടനയായിത്തീന്നു. തിരുവിതാംകൂറിൽ പല ഭാഗത്തും സംഘടന കെട്ടിപ്പടുക്കുന്നതിനായി പ്രവത്തകർ കൊച്ചിയിൽനിന്നുപോയി പ്രവത്തിക്കുവാൻ തുടങ്ങി. പി. ജെ. കുഞ്ഞുവറീത് മാസ്റ്റർ, പ്രൊഫ. ശേഷൻ, ഈ ലേഖകൻ തുടങ്ങിയവർ അങ്ങനെ അന്നു പ്രവത്തിച്ചിരുന്നവരാണ്. അതിൽ കുഞ്ഞു

വറീത് മാസ്റ്ററും ശേഷൻ മാസ്റ്ററും ഇന്നു ജീവിച്ചിരിപ്പില്ല. ഈ പ്രവത്തനങ്ങൾക്കെല്ലാം നേതൃത്വം നല്കിയിരുന്നതു് മുണ്ടശ്ശേരി മാസ്റ്ററായിരുന്നു. തിരുവിതാംകൂറിൻെറ പല ഭാഗത്തും വിദ്യാഭ്യാസപ്രവത്തകരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ഗംഭീര സമ്മേളനങ്ങൾ നടന്നു. പ്രൈവററ് അദ്ധ്യാപകരിൽ ഒരു രക്ഷാബോധം വളത്തുന്നതിനു മാസ്ററരുടെ നേതൃത്വത്തിലുള്ള ഈ പ്രവർത്തനങ്ങൾക്കു കഴിഞ്ഞു.

മാസ്റ്റർ ഒരു എം. എൽ. എ. ആയിത്തീന്നതോടെ അദ്ധ്യാപകപ്രശ്നങ്ങൾ നിയമസഭയിൽ ശക്തമായി പ്രതിഫലിപ്പിക്കുവാൻ കഴിഞ്ഞു. ഗവണ്മെൻറിൻെറ ശ്രദ്ധ അദ്ധ്യാപക പ്രശ്നങ്ങളിൽ എത്തുവാൻ മാസ്റ്ററുടെ സമത്ഥമായ നീക്കങ്ങൾ വഴിതെളിയിച്ചു. ഏതാനും ചില പ്രശ്നങ്ങൾക്കു പരിഹാരം കാണുന്നതിനും ആ നീക്കങ്ങൾക്കു കഴിയുകയും ചെയ്തു.

1957ൽ കേരളത്തിലെ ഒന്നാമത്തെ ഇ. എം. എസ്. നമ്പൂതിരിപ്പാടിൻെറ മന്ത്രിസഭയിൽ വിദ്യാഭ്യാസ മന്ത്രിയായതോടെ അദ്ധ്യാപകരുടെ 'മാഗ്നാകാർട്ടാ' എന്നറിയപ്പെടുന്ന വിദ്യാഭ്യാസ ബില്ലിനു രൂപം കൊടുക്കുകയും അതു പാസാക്കിക്കൊടുക്കുകയും ചെയ്തു. താൻ സംഘടനയിൽക്കൂടിയും അല്ലാതെയും ഗ്രഹിച്ചുവെച്ചിരുന്ന അദ്ധ്യാപകരുടെ നീറുന്ന പ്രശ്നങ്ങളുടെ പരിഹാരമായിരുന്നു ആ ബില്ലിൻെറ ലക്ഷ്യം. സ്ഥാപിതതാല്പര്യക്കാരുടെ എതിപ്പുകൾ അദ്ദേഹം ധീരമായി നേരിട്ടുകൊണ്ടാണു് ആ ബില്ലിനെ നിയമമാക്കിയതു്. അദ്ദേഹത്തോടൊപ്പം അദ്ധ്യാപകപ്രസ്ഥാനവും അന്നത്തെ സാധാരണക്കാരുടെ ബഹുജനപ്രസ്ഥാനങ്ങളും അണിനിരന്നു. അദ്ദേഹം വിജയിക്കുകയും ചെയ്തു. അന്നും അദ്ദേഹത്തിനെതിരെ തിരിഞ്ഞ അദ്ധ്യാപകരും ഉണ്ടായിരുന്നു. അറിഞ്ഞോ അറിയാതെയോ അവർ സ്ഥാപിതതാല്പര്യക്കാരുടെ വലയിൽ കുടുങ്ങിയിരുന്നു. ഇന്നു് ആനുകൂല്യങ്ങളുടെ കാര്യങ്ങളിൽ സക്കാരെന്നോ പ്രൈവററെന്നോ അദ്ധ്യാപകരിൽ തരംതിരിവില്ല. ഹെഡ്മാസ്റ്റർ ബില്ലെഴുതി ശമ്പളം വാങ്ങി അദ്ധ്യാപകക്ക് നേരിട്ടു വിതരണംചെയ്യുന്നു പെൻഷൻ ലഭിക്കുന്നു. എന്നാൽ ആ നിയമത്തിലെ പല വകുപ്പുകളും ഇനിയും പ്രാബല്യത്തിൽ വരേണ്ടതുണ്ടു്. കാലഘട്ടത്തിനനുസരിച്ചുള്ള പല ഭേദഗതികളും വരുത്താനുണ്ടു്. പുതിയ വിദ്യാഭ്യാസനയങ്ങൾ പൊതുമേഖലയിൽനിന്നു വിദ്യാഭ്യാസ

ത്തെ ഇല്ലായ്മ ചെയ്യുവരുന്നു. ഈ വക കാര്യങ്ങളിലേയ്ക്ക് അദ്ധ്യാപകപ്രസ്ഥാനത്തിൻെറ ശ്രദ്ധ തിരിയേണ്ടതാണ്. മുണ്ട ശ്ശേരി മാസ്റ്റർ അടിത്തറയിട്ട അദ്ധ്യാപകരുടെ സുരക്ഷിതനിയമത്തെ കാലാനുസൃതമായ മാററങ്ങളോടെ ഉറപ്പിച്ചുനിത്തുവാൻ ശക്തമായ ഒരു പോരാട്ടംതന്നെ അദ്ധ്യാപകർ തുടങ്ങേണ്ടതായിട്ടാണ് കാണുന്നതു്.

## സഹകരണരംഗത്തെ അതികായൻ

കൊച്ചി രാജ്യം നിലവിലിരുന്നപ്പോഠംതന്നെ സഹകരണപ്രസ്ഥാനം മുന്നോട്ടുപോയിരുന്നു. പ്രധാനമായും കാഷികരംഗത്തിനായിരുന്നു പ്രാധാന്യം. പിന്നീട് അതു് മററു രംഗങ്ങളിലും പതുക്കെ പതുക്കെ വ്യാപിച്ചുകൊണ്ടിരുന്നു. അന്നു സഹകരണപ്രസ്ഥാനത്തിൻെറ സന്ദേശങ്ങഠം ജനങ്ങളിൽ എത്തിക്കുന്നതിനുള്ള സംഘടനകളും നിലവിലുണ്ടായിരുന്നു. അതിൽ പ്രധാനപങ്കു വഹിച്ചിരുന്നതു് കൊച്ചി കേന്ദ്ര സഹകരണ കാര്യാലയമായിരുന്നു. ഇന്നു തൃശ്ശൂർ ജോസ് തിയ്യററർ നിലനില്ക്കുന്ന കെട്ടിടത്തിൻെറ പടിഞ്ഞാറു ഭാഗത്തായി ആ കെട്ടിടത്തിൻെറതന്നെ ഒന്നാം നിലയിലായിരുന്നു കേന്ദ്രകാര്യാലയം. അതിൻെറ ഉത്തരവാദപ്പെട്ട സ്ഥാനം മാസ്ററർക്കായിരുന്നു. ആ സംഘടനയുടെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിച്ചിരുന്ന സഹകരണപ്രബോധിനി എന്ന മാസികയുടെ പത്രാധിപർ മാസ്റ്റർ ആയിരുന്നു. അന്നത്തെ അറിയപ്പെട്ടിരുന്ന സഹകാരികളുടെ ലേഖനങ്ങഠം, സ്വന്തം നിലയിലുള്ള വിശകലനങ്ങഠം എന്നിവ ആ മാസികയെ കൊച്ചിയിലെ സഹകരണപ്രസ്ഥാനത്തിൻെറ ജിഹ്വയായി മാററിയിരുന്നു. ഏതാനും പേരിൽ മാത്രം ഒതുങ്ങിനിന്നിരുന്ന സഹകരണമേഖലയെ ജനകീയമാക്കിത്തീക്കുന്നതിന് ആ മാസികയും സംഘടന നടത്തിയിരുന്ന സെമിനാറുകളും മററും സഹായകരമായിരുന്നു. മാസ്ററരോടൊപ്പം അതിൻെറ ബോർഡിൽ അംഗമായി പ്രവത്തിക്കാനുള്ള ഭാഗ്യം ഈ ലേഖകനു ലഭിക്കുകയുണ്ടായിട്ടുണ്ട്. തന്മൂലം സഹ

കരണപ്രസ്ഥാനത്തെപ്പററി കൂടുതൽ മനസ്സിലാക്കാനും സഹകരണപ്രബോധിനിയിൽ ലേഖനങ്ങരം പ്രസിദ്ധീകരിക്കാനും കഴിഞ്ഞിരുന്നു. പ്രസ്ഥാനത്തിൻെറ സന്ദേശങ്ങരം ഉരംക്കൊണ്ടുകൊണ്ട് പിന്നീട് വ്യവസായമേഖലയിലും തൊഴിൽ രംഗത്തും ഉപഭോക്തൃരംഗത്തും മററുമായി പ്രസ്ഥാനം വ്യാപിക്കുകയുണ്ടായി.

മാസ്ററുടെ ആ രംഗത്തുണ്ടായിരുന്ന അതീവ താല്പര്യത്തിൻെറ ഫലമായിട്ടാണ് കേന്ദ്രകാര്യാലയത്തിൻെറ കീഴിൽ സഹകരണപരിശീലനം കേന്ദ്രം തുടങ്ങിയത്. അന്നുവരെ തൃശ്ശൂരിൽ അങ്ങനെയൊരു സ്ഥാപനം ഉണ്ടായിരുന്നില്ല. സ്ഥാപിതമായ കാലത്ത് മാസ്ററർതന്നെയായിരുന്നു അതിൻെറ പ്രിൻസിപ്പാരം. തന്മൂലം തൃശ്ശൂരിലും പരിസരപ്രദേശങ്ങളിലുമുള്ള അനവധി ചെറുപ്പക്കാർക്കു സഹകരണപരിശീലനം ലഭിക്കാനും അതുവഴി ഉദ്യോഗങ്ങരം ലഭിക്കാനും കഴിഞ്ഞു.

1957-ൽ മാസ്ററർ മന്ത്രിയായിരുന്നപ്പോരം സഹകരണ വകുപ്പും മാസ്ററരുടെ നിയന്ത്രണത്തിലായിരുന്നു. ആ വകുപ്പിൽ കാലോചിതമായ പരിഷ്കാരങ്ങരം കൊണ്ടുവരാനും വകുപ്പിനെ കെട്ടുറപ്പുള്ളതാക്കിത്തീർക്കാനും മാസ്ററർക്കു കഴിഞ്ഞു. ആ മേഖലയിൽ ഉദ്യോഗങ്ങരം ലഭിക്കുന്നതിനു സഹകരണ പരിശീലനം ആവശ്യമാണെന്നു വന്നതും അക്കാലത്തായിരുന്നുവെന്നാണ് എൻെറ ഓർമ്മ.

ഇന്നത്തെ തൃശ്ശൂർ ജില്ലാ സഹകരണബാങ്ക് അന്നത്തെ കൊച്ചിയിലെ കേന്ദ്ര സഹകരണ ബാങ്കായിരുന്നു. അതിലെ ബോർഡിലും മാസ്റ്റർ സജീവമായി പ്രവർത്തിച്ചിട്ടുണ്ട്. അതുപോലെതന്നെ അർബൻ കോ-ഓപ്പറേററീവ് ബാങ്ക്, കൊച്ചി കോട്ടേജ് ഇൻഡസ്ട്രീസ് കോ-ഓപ്പറേററീവ് മാർക്കററിങ്ങ് സൊസൈററി, കൊച്ചി ലാൻറ് മോർട്ട്ഗേജ് ബാങ്ക്, തൃശ്ശൂർ ഹോരംസെയിൽ കോ-ഓപ്പറേററീവ് സ്റേറാഴ്സ്, കേരള സ്റേററ്റ് കോ-ഓപ്പറേററീവ് യൂണിയൻ എന്നിവയിലെല്ലാം പ്രധാനപങ്കു വഹിക്കുന്നതിനു മാസ്ററർക്കു കഴിഞ്ഞിട്ടുണ്ട്. ഇതിനെല്ലാം പുറമെ സ്വന്തം വീടിൻെറ പരിസരത്തായി ഒരു വിവിധോദ്ദേശ സഹകരണസംഘം സ്ഥാപിച്ചു മാതൃകാപരമായി നടത്തുവാനും മാസ്ററർക്കു കഴിഞ്ഞു. ആ സംഘം

വഴി ആ പ്രദേശത്തെ റേഷൻ വിതരണം, പലവ്യഞ്ജനങ്ങൾ, സ്റേറഷനറി വസ്തുക്കൾ, എന്തിനു വിറകുപോലും മിതമായ നിരക്കിന് ഉപഭോക്താക്കൾക്കു നല്കുവാൻ കഴിഞ്ഞിരുന്നു. മാസ്റ്റർ 1957ൽ മന്ത്രിയായി പോകുന്നതുവരെ നീണ്ടകാലം മാസ്ററർതന്നെയായിരുന്നു അതിന്റെ പ്രസിഡണ്ട്. പിന്നീടു വന്ന ഭരണസാരഥികളുടെ കഴിവില്ലായ്മ മൂലം ആ സംഘം ഇല്ലാതായിത്തീരുകയാണ് ചെയ്തത്.

സാഹിത്യം, വിദ്യാഭ്യാസം എന്നീ രംഗങ്ങളിൽ മാത്രമല്ല സഹകരണപ്രസ്ഥാനത്തിലും എന്നും സ്മരിക്കപ്പെടുന്ന വിധത്തിലുള്ള സംഭാവനകളാണ് മാസ്ററർ നല്കിയിട്ടുള്ളത്.

## തൃശൂർ പട്ടണവും മാസ്റററും

കണ്ടശ്ശാങ്കടവിൽനിന്നു് തൃശ്ശൂർ പട്ടണത്തിലേയ്ക്കു് താമസം മാററിയതോടെ മാസ്ററർ തൃശ്ശൂരിലെ സാമൂഹ്യസാംസ്കാരിക രംഗത്തെ ഒരു പ്രധാന വ്യക്തിയായിത്തീർന്നു. പട്ടണത്തിന്റെയും പരിസരത്തിന്റെയും സർവ്വതോമുഖമായ പുരോഗതിക്കു് വിലപ്പെട്ട സംഭാവനകളാണ് മാസ്ററർ നല്കിയിട്ടുള്ളത്. ഒരു നിയമസഭാംഗമെന്ന നിലയിലും നവജീവൻ പത്രത്തിന്റെ എഡിററർ എന്ന നിലയിലും നഗരത്തിന്റെ പ്രശ്നങ്ങൾ ഗവൺമ്മേണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനും അവയ്ക്കു് പരിഹാരം കാണാനും മാസ്റററർക്കു് കഴിഞ്ഞിട്ടുണ്ട്.

1956-ൽ കേരള സംസ്ഥാനരൂപീകരണസമയത്ത് കേരളം അഡ്വൈസർ ഭരണത്തിലായിരുന്നു. അന്നത്തെ അഡ്വൈസറായിരുന്ന ശ്രീ. പി. എസ്. റാവുവുമായി മാസ്ററർ സൗഹൃദത്തിലായിരുന്നു. ആ സൗഹൃദബന്ധം മാസ്റററുടേയും മററു സാംസ്കാരികപ്രവർത്തകരുടെയും പരിശ്രമഫലമായി, സാംസ്കാരികതലസ്ഥാനമായ തൃശ്ശൂരിൽതന്നെ സാഹിത്യ അക്കാദമിയും സംഗീതനാടക അക്കാദമിയും സ്ഥാപിക്കുവാൻ സഹായിച്ചു. മരണംവരെ ആ സ്ഥാപനങ്ങളുമായി അഭേദ്യബന്ധമാണ് മാസ്ററർ പുലർത്തിയിരുന്നത്.

സാഹിത്യകാരന്മാരുടെ സങ്കേതമായിരുന്ന മംഗളോദയം മാസ്ററക്കു എല്ലാമായിരുന്നു. മംഗളോദയം മാസികയുടെ എഡിററർ ആയി പ്രവത്തിച്ചിരുന്ന കാലത്തു് അദ്ദേഹം, വളന്നു വന്നിരുന്ന പല യുവസാഹിത്യകാരന്മാരേയും വളത്തിക്കൊണ്ടു വരാൻ സഹായിച്ചിട്ടുണ്ട്. തൃശ്ശൂർ പട്ടണത്തിൽ അന്നു് എത്തിച്ചേന്നിരുന്ന സാഹിത്യകാരന്മാർ മാസ്ററരുടെ വീടുമായി ബന്ധപ്പെടാത്തവർ ചുരുക്കമായിരിക്കും. ഈ ലേഖകൻ തന്നെ അവരിൽ പലരുമായി പരിചയപ്പെട്ടതു് മാസ്ററ റുടെ വീട്ടിൽ വെച്ചായിരുന്നു.

വായനക്കാരെ സംബന്ധിച്ചിടത്തോളം കറൻറ് ബുക്കിൻെറ ആവിർഭാവം ഒരനുഗ്രഹമായിരുന്നു. മാസ്ററ റുടെ സഹായവും പ്രേരണയും വഴിയാണ് മകൻ തോമാസ് കറൻറ് ബുക്കു് സ്ഥാപിച്ചത്. മലയാളം പുസ്തകങ്ങൾക്കു പുറമേ പാശ്ചാത്യപ്രസിദ്ധീകരണങ്ങളായ ഇംഗ്ലീഷ് പുസ്തകങ്ങൾ തൃശ്ശൂരിൽ എത്തിച്ചേരാനും വായനക്കാക്ക് ലഭിക്കാനും ഇടവരുത്തിയത് കറൻറ് ബുക്കാണ്. കറൻറ് ബുക്കിൽ നിത്യസന്ദശ്കനായിരുന്ന മാസ്റ്റർ വരുത്തേണ്ട പുസ്തകങ്ങളെപ്പററിയുള്ള അഭിപ്രായങ്ങളും പ്രകടിപ്പിക്കുമായിരുന്നു.

1957-ൽ വിദ്യാഭ്യാസമന്ത്രിയായിരുന്ന കാലത്താണ് തൃശ്ശൂരിൽ എഞ്ചിനീയറിങ്ങ് കോളേജ് സ്ഥാപിതമായത്. അക്കാര്യത്തിൽ അന്നു് ആരോഗ്യവകുപ്പ് മന്ത്രിയായിരുന്ന ഡോ. എ. ആർ. മേനോനും സി. അച്യുതമേനോനും സഹായത്തിനുണ്ടായിരുന്നു. കൂടാതെ പ്രൈവററും സക്കാരുമായ യു. പി. സ്കൂളുകളെ ഹൈസ്കൂളുകളാക്കുകയും കോളേജുകളുടെ വികസനത്തിനുവേണ്ട സഹായസഹകരണങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്തുപോന്നു. നേരത്തെ സൂചിപ്പിച്ചതുപോലെ തൃശ്ശൂരിൽ ഒരു സഹകരണപരിശീലനവിദ്യാലയം സ്ഥാപിച്ചതും മാസ്ററ റാണ്.

അധികാരത്തിലിരിക്കുമ്പോഴും അല്ലാത്തപ്പോഴും താനുമായി ബന്ധപ്പെടുന്നവക്ക് കഴിയാവുന്ന എല്ലാ സഹായങ്ങളും മാസ്ററർ ചെയ്തിരുന്നു. എന്നാൽ അർഹമല്ലാത്ത കാര്യങ്ങളുണ്ടെങ്കിൽ ഒരു അനുകമ്പയും കാണിക്കുകയുമില്ല. തൃശ്ശൂർ

പട്ടണവുമായിട്ടുള്ള ആ അഭേദ്യബന്ധമാണ് ഇന്നു തലയുയർത്തിനില്ക്കുന്ന മുണ്ടശ്ശേരി സ്മാരകമന്ദിരത്തിൻെറ ആവിർഭാവത്തിനു കാരണം.

## മുണ്ടശ്ശേരിക്കൊരു സ്മാരകം

1977 ഒക്ടോബർ 25-ാംനു- മാസ്ററർ നിര്യാതനായി. തൃശ്ശൂർ പട്ടണത്തിൽ മാസ്ററരുടെ സ്മരണ നിലനിർത്തുന്നതിനു് എന്തുചെയ്യണമെന്ന് അദ്ദേഹത്തിൻെറ ആരാധകരും സ്നേഹിതരുമായ പലരും ചിന്തിക്കുവാൻ തുടങ്ങി. അക്കൂട്ടത്തിൽ സാഹിത്യകാരന്മാർ, സാംസ്കാരികപ്രവർത്തകർ, അദ്ധ്യാപകർ, യുക്തിവാദികൾ, കലാകാരന്മാർ എന്നുവേണ്ട സഹൃദയരായ നല്ലൊരു വിഭാഗം ആളുകൾ ഉണ്ടായിരുന്നു. മരണാനന്തരം തൃശ്ശൂർ പൗരാവലി അദ്ദേഹത്തിൻെറ മരണത്തിൽ അനുശോചനം രേഖപ്പെടുത്തി. ആ യോഗത്തിൽതന്നെ സ്മാരകത്തെപ്പററിയുള്ള അഭിപ്രായങ്ങളും പൊന്തിവരികയുണ്ടായി. എന്നാൽ 1977 ഒക്ടോബറിലാണ് അദ്ദേഹം മരിച്ചതെങ്കിലും സ്മാരകനിർമ്മാണത്തെപ്പററി ആലോചിക്കുന്നതിനുള്ള ആദ്യയോഗം 1978 ഫെബ്രുവരി മാസത്തിലാണ് കൂടിയതു്. ആ യോഗത്തിൽ വെച്ച് അദ്ദേഹത്തിനു സമുചിതമായ ഒരു സ്മാരകം നിർമ്മിക്കുന്നതിനു തീരുമാനിക്കുകയും അതിനായി വിപുലമായ ഒരു കമ്മിററി രൂപീകരിക്കുകയും ചെയ്തു. ആ കമ്മിററിയുടെ ചെയർമാൻ ശ്രീ. സി. അച്യുതമേനോനും, സെക്രട്ടറിമാർ ശ്രീ. വി. എം. സുധീരൻ, കെ. ആർ. ചുമ്മാർ, പ്രൊഫ: വി. അരവിന്ദാക്ഷൻ എന്നിവരുമായിരുന്നു. കമ്മിററി അംഗങ്ങളായി കേരളത്തിലങ്ങോളമിങ്ങോളമുള്ള പ്രശസ്തരായ പല വ്യക്തികളും ഉൾപ്പെട്ടിരുന്നു. ഈ ലേഖകനും ആ കമ്മിററിയിൽ ഒരംഗമായിരുന്നു.

കമ്മിററി രൂപീകൃതമായെങ്കിലും പ്രാരംഭപ്രവർത്തനങ്ങൾക്കുള്ള പണം ഒരു പ്രശ്നമായി. മാസ്ററരുടെ മകനും കറൻറ് ബുക്സ് ഉടമയുമായ തോമാസ് (അദ്ദേഹം ഇന്നു ജീവിച്ചിരിപ്പില്ല) അതിനു വേണ്ട സഹായം ചെയ്തു. എന്നിട്ടും പ്രവർത്തനങ്ങൾ

മുന്നോട്ടു പോയില്ല. മാസ്ററരുടെ സന്തതസഹചാരിയായിരുന്ന പി. ജെ. കുഞ്ഞുവറീത് മാസ്ററരും കമ്മിററിയംഗമായിരുന്നു. കമ്മിററിയുടെ പ്രവത്തനമാന്ദ്യം അദ്ദേഹത്തെ നിരാശപ്പെടുത്തി. ഞങ്ങളിൽ ചിലരുമായി അദ്ദേഹം ബന്ധം പുലത്തി പ്രവത്തനം സജീവമാക്കാൻ നിശ്ചയിച്ചു. തോമാസുമായി ബന്ധപ്പെട്ടു. ശ്രീ. അച്ചുതമേനോനെ ചെന്നു കണ്ടു പ്രവത്തനം ഊജ്ജിതപ്പെടുത്തുന്നതിനു വേണ്ടി നടപടികൾക്കു രൂപം കൊടുക്കുവാൻ തീരുമാനിച്ചു. അങ്ങനെ അദ്ദേഹവുമായി ബന്ധപ്പെട്ടതിൻെറ ഫലമായി സ്മാരകമന്ദിരത്തിനായി 25 സെൻറ് സ്ഥലം സക്കാർ ഉടമയിലുള്ള തൃശ്ശൂർ രാമനിലയത്തിൻെറ പരിസരത്തുനിന്നു് അനുവദിച്ചുകിട്ടുവാൻ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. പി. കെ. വാസുദേവൻ നായക്കു് ഒരു കത്തു വാങ്ങി. ആ കത്തിൻെറ അടിസ്ഥാനത്തിലുള്ള പരിശ്രമത്തിൻെറ ഫലമായി 25 സെൻറ് സ്ഥലം അനുവദിച്ചുകിട്ടുകയും ചെയ്തു.

അടുത്ത ചരമവാഷികത്തിനുതന്നെ മന്ദിരത്തിൻെറ ശിലാസ്ഥാപനം ശ്രീ. അച്ചുതമേനോൻ നടത്തുകയും ചെയ്തു. അന്നത്തെ ചടങ്ങിൽ മലയാളമനോരമ പത്രാധിപൻ ശ്രീ. കെ. എം. മാത്യു, തകഴി ശിവശങ്കരപിള്ള തുടങ്ങിയവർ പങ്കെടുത്തിരുന്നു.

സമ്മേളനത്തിൽ വെച്ചുതന്നെ പലരും സംഭാവനകൾ നൽകുകയുണ്ടായി. പ്രാരംഭ പ്രവത്തനങ്ങൾക്കാവശ്യമായ തുക അന്നുതന്നെ ലഭിച്ചു. തുടന്നു പഞ്ചായത്തുകൾ, മുനിസിപ്പാലിററികൾ, കോപ്പറേഷനുകൾ, സഹകരണസ്ഥാപനങ്ങൾ എന്നിവയ്ക്കും പ്രമുഖവ്യക്തികൾക്കും ചെയർമാൻ ഒരു പ്രസ്താവന തയ്യാറാക്കി അയച്ചു. അതുകൊണ്ടൊന്നും പ്രവത്തനത്തിനാവശ്യമായ തുക പിരിഞ്ഞുകിട്ടിയില്ല.

അദ്ധ്യാപകരിൽനിന്നു് സംഭാവനകൾ പിരിക്കുന്നതിനുള്ള പ്രവർത്തനമാണു് പിന്നീടു നടന്നത്. അഞ്ചുരൂപയുടേയും പത്തുരൂപയുടേയും കൂപ്പണുകൾ അടിച്ചു വിതരണം ചെയ്യാൻ ഏപ്പാടുചെയ്തു. അദ്ധ്യാപക സംഘടനകളുടെ സഹകരണം അഭ്യത്ഥിച്ചു. അന്നത്തെ വിദ്യാഭ്യാസമന്ത്രിയായിരുന്ന ശ്രീ. ബേബി ജോൺ സഹായഹസ്തവുമായി മുന്നോട്ടുവന്നു. പണം പിരിക്കാനായി സഹായിക്കുന്ന വിദ്യാഭ്യാസവകുപ്പിലെ ഡി. ഇ. ഒ.

മാക്കു സക്കുലർ അയച്ചു. അഡീഷണൽ വിദ്യാഭ്യാസ ഡയറ ക്ടറായിരുന്ന ശ്രീ. കെ. എസ്. പള്ളത്തിനെ ഇതിനായി പ്രത്യേകം ചുമതല ഏല്പിക്കുകയും അദ്ദേഹം ആത്മാത്ഥ മായി പ്രവത്തിക്കുകയും ചെയ്തു. ഈ പ്രവത്തനങ്ങളെല്ലാം നട ക്കുമ്പോഴും മാസ്റ്ററുടെ ചരമദിനം സാഹിത്യഅക്കാദമി ഹാളിലും മററുമായി നടത്തിപ്പോന്നിരുന്നു.

മന്ത്രി ബേബിജോണിൻെറ സഹകരണത്തിനു കുറെയൊ ക്കെ ഫലമുണ്ടായി. അന്നു കേരളത്തിൽ നിലവിലുണ്ടായിരുന്ന 29 വിദ്യാഭ്യാസ ജില്ലകളിൽ കൂപ്പൺ വിതരണം ചെയ്യുവാൻ കഴിഞ്ഞു. പല വിദ്യാഭ്യാസ ജില്ലകളും ഉത്സാഹപൂവ്വം പിരിവു നടത്തി. ചിലത് വിമുഖത കാണിക്കുകയും ചെയ്തു. തൽഫല മായി അദ്ധ്യാപകരിൽനിന്നുതന്നെയായി ഏകദേശം അഞ്ചു ലക്ഷത്തോളം രൂപ പിരിഞ്ഞുകിട്ടുകയുണ്ടായി. ഈ പിരിവു കഠം യഥാസമയം ലഭിക്കുന്നതിനുവേണ്ടി ഇതിൻെറ സംഘാട കരിൽ പ്രമുഖനായിരുന്ന കുഞ്ഞുവറീതു മാസ്റ്റർ ഒററയ്ക്കുചെയ്തി ട്ടുള്ള സേവനങ്ങഠം ഒരിക്കലും വിസ്മരിക്കാൻ കഴിയുന്നതല്ല.

അങ്ങനെ അദ്ധ്യാപകർ, വ്യക്തികഠം, മററു സ്ഥാപനങ്ങഠം എന്നിവയിൽനിന്നെല്ലാമായി ഏഴു ലക്ഷത്തോളം രൂപ പിരി ഞ്ഞുകിട്ടി. സ്മാരകമന്ദിരം ഉയരുവാൻ തുടങ്ങി. അവസാനം അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. കെ. കരുണാകരൻ ഒരു ലക്ഷം രൂപ ഗ്രാൻറായി തന്നു. പോരാതെവന്ന ഒരു ലക്ഷ ത്തോളം രൂപ തൃശ്ശൂർ കാത്തലിക് സിറിയൻ ബാങ്ക് ലോണായി തരികയും ചെയ്തു. തൽഫലമായി ആരാധകരുടേയും അഭ്യുദയ കാംക്ഷികളുടേയും സഹായസഹകരണങ്ങളോടെ മുണ്ടശ്ശേരി സ്മാരകം നിലവിൽ വന്നു.

മുകളിൽ അഞ്ഞൂറോളംപേക്ക് ഇരിക്കാവുന്ന ഓഡിറേറാ റിയവും അടിയിൽ നാലായിരം ച. അടിയോളം വിസ്തീണ്ണമുള്ള ഒരു ഹാളും സ്മാരകമന്ദിരത്തിനുണ്ട്. അടിഭാഗം വാടകയ്ക്കു നല്കി യിരിക്കുകയാണ്. ഹാഠം വാടകയും അടിഭാഗത്തുനിന്നു ലഭി ക്കുന്ന വാടകയും ഉപയോഗിച്ച് എല്ലാവഷ്വും മുണ്ടശ്ശേരി ചരമ ദിനാചരണം വിപുലമായ തോതിൽ നടത്തിവരുന്നു സ്മാരകമന്ദി രത്തിൻെറ സംരക്ഷണം ഒരു ട്രസ്റ്റാണ് നടത്തിവരുന്നത്. മരണം വരെ ട്രസ്ററിൻെറ ചെയർമാൻ ശ്രീ. അച്ചുതമേനോൻതന്നെ

യായിരുന്നു. അദ്ദേഹത്തിന്റെ മരണശേഷം ചെയർമാൻ സ്ഥാനം ശ്രീ. പി. ചിത്രൻ നമ്പൂതിരിപ്പാട് വഹിച്ചുവരുന്നു. തുടക്കത്തിൽ സെക്രട്ടറിയായി പ്രവർത്തിച്ചിരുന്ന പ്രൊഫ. വി. അരവിന്ദാക്ഷൻ ഒഴിഞ്ഞപ്പോൾ ശ്രീ. പവനൻ സെക്രട്ടറിയായിത്തീർന്നു. ഇപ്പോഴും അദ്ദേഹംതന്നെയാണ് സെക്രട്ടറി. ആരംഭം മുതല്ക്കുതന്നെ ട്രഷറർ സ്ഥാനം ഈ ലേഖകനും വഹിച്ചുപോരുന്നു.

ചരമദിനത്തോടനുബന്ധിച്ച് കേരളത്തിലെ എല്ലാ ജില്ലകളിലും എസ്. എസ്. എൽ. സി. പരീക്ഷയ്ക്കു മലയാളത്തിലും സംസ്കൃതത്തിലും ഒന്നാം സ്ഥാനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് 500 രൂപ വീതം ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും നല്കിവരുന്നു. കൂടാതെ കവിയരങ്ങുകൾ, സെമിനാറുകൾ, ചർച്ചകൾ എന്നിവ പ്രമുഖകവികൾ, സാഹിത്യകാരന്മാർ, സാംസ്കാരിക പ്രവർത്തകർ എന്നിവരെ പങ്കെടുപ്പിച്ചു നടത്തിവരുന്നു.

സ്മാരകമന്ദിരത്തോടനുബന്ധിച്ച് പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ ഒരു വായനശാലയും അടുത്തുതന്നെ ആരംഭിക്കുവാനുള്ള പ്രവർത്തനങ്ങൾക്ക് രൂപംകൊടുത്തുകഴിഞ്ഞിരിക്കുകയാണ്. ഇതിനായിട്ടുള്ള യത്നത്തിൽ പരിശ്രമിച്ചവരിൽ പലരും ഇന്നില്ല അവരെ സ്മരിക്കുവാനും ഈയവസരം ഉപയോഗിക്കുകയാണ്. അതുപോലെതന്നെ സ്മാരകമന്ദിരത്തിനെ എല്ലാവിധ നികുതികളിൽനിന്നും ഒഴിവാക്കിത്തന്നത് നായനാർ സർക്കാരിന്റെ കാലത്താണ്. അതിനുവേണ്ട സഹായസഹകരണങ്ങൾ നല്കിയത് ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാടാണ്. സ്മാരകമന്ദിരത്തിന്റെ അഭിവൃദ്ധിയിൽ ഈ സഹകരണങ്ങളും പ്രത്യേകമായി സ്മരിക്കപ്പെടേണ്ടതാണ്.

# മുണ്ടശ്ശേരിയുടെ സൂക്തങ്ങൾ

□ ''മനുഷ്യരാശിയുടെ വളർച്ചയ്ക്കിടയിൽ ദശാനുസാരികളായി വന്നു കയറിയിട്ടുള്ള വിശ്വാസങ്ങളും നടപടികളും കോഴ്മകളും ഒട്ടേറെയുണ്ട്. പിന്നീട് പിന്നീട് അവയെല്ലാം നിഷ്പ്രയോജനങ്ങളായിക്കൊണ്ടിരിക്കയാണ്. കാലമെത്തിയിട്ടും ചാവാൻ കൂട്ടാക്കാതെ നമ്മുടെ സാമൂഹ്യജീവിതത്തിൽ അവയങ്ങനെ ചടഞ്ഞുകൂടിയിരിക്കുന്നു. നമ്മുടെ പുരോഗതിക്കുമുമ്പിൽ കുന്നുകൂടിക്കിടക്കുന്ന ഈ കുപ്പക്കുണ്ടുകൾക്ക് തീ കൊളുത്തേണ്ട കാലം വൈകിപ്പോയി. അതിനുള്ള കരിന്തിരിയാകുന്നില്ലെങ്കിൽ മനുഷ്യൻെറ ചിന്താശക്തി ഒരു ശക്തിയല്ല.''

□ ''കൊള്ളാവുന്ന കുടുംബങ്ങളിലെ നല്ല നല്ല പെൺകുട്ടികളെ പ്രകൃത്യായുള്ള പ്രവണതകൾക്കെതിരായി, സ്വയം അഭിപ്രായമുണ്ടാക്കാൻ കഴിയുന്നതിനെത്രയോ മുമ്പ് മതത്തിൻെറ മതിൽകെട്ടിനകത്ത് മാടി കയററിയിട്ട്, കാലാന്തരത്തിൽ പിത്തവും ക്ഷയവും പിടിപ്പിക്കുന്നത് കുററകരമാണ്.''

□ ''സാഹിത്യം വികാരത്തിൻെറ ശാസ്ത്രമാണ്. ശാസ്ത്രം വിചാരത്തിൻെറ കലയും.''

□ ''മനുഷ്യൻ നിർമ്മിച്ചതാണ് ഇന്നത്തെ ധർമ്മനീതികളെങ്കിൽ അവയെ ആവശ്യംപോലെ പൊളിച്ചെഴുതുവാൻ മനുഷ്യനു തന്നെ അവകാശമുണ്ട്. ഇന്നോളവും അവൻ ആ അവകാശം പ്രയോഗിച്ചിട്ടുണ്ട്. നാളെ പ്രയോഗിക്കുകയും ചെയ്യും.''

□ "സാംഖ്യത്തിൻേറയും അദ്വൈതത്തിൻേറയും നാട്ടിൽ പിറന്ന ശുദ്ധാത്മാക്കളേ, യുക്തിവിചാരത്തിൻെറ ഇങ്ങേ ത്തലയായ മാർക്സിസത്തെ പിടിച്ച് ജാതിയാക്കുന്നത് അപകടമാണെന്നറിഞ്ഞാലും. ഉള്ളുറക്കത്തിയ എടുപ്പുകാം ക്കുവേണ്ടി ജീവിക്കുന്നവർ വളരുകയില്ല. വളരാനിച്ഛിക്കു ന്നവർ തങ്ങളുടേതായുള്ള പുത്തനെടുപ്പുകാം ഉണ്ടാക്കണം."

□ "മനുഷ്യൻെറ വളർച്ചയേയും ആവശ്യങ്ങളേയും പാടെ അവഗണിച്ചുകൊണ്ട് എക്കാലത്തേയ്ക്കും സാമൂഹ്യപരി പാടി ഒന്നുതന്നെ മതി, മറെറാന്നും പാടില്ല എന്ന മക്കട മുഷ്ടി മതത്തിനെന്നല്ല, മനുഷ്യരാശിയുടെ അഭിവൃദ്ധിക്കു വേണ്ടി നിലകൊള്ളുന്ന ഏതു സംഘടനയ്ക്കും കൊള്ളുക യില്ല."

□ "ജീവിതക്ലേശങ്ങൾക്കാധാരമായിട്ടുള്ള പഴഞ്ചൻ നീതിക ളുടേയും പഴഞ്ചൻ പരിതഃസ്ഥിതികളുടേയും നേക്കുളവാ കേണ്ട വെറുപ്പിനെ എങ്ങോട്ടു് തിരിച്ചുവിടണമെന്നറി യാതെ ആത്മോന്മുഖമാക്കി ജീവിതത്തെ തുലച്ചുകളയുന്ന വിശ്വാസഗതി വളരെ അപകടംചെയ്യുന്ന ഒന്നാണ്."

□ ജനാധിപത്യം അരങ്ങേറിയിട്ടും ഉൾനാടുകളിൽ കെങ്കേമ ന്മാരുടെ നാടുവാഴിത്തം റദ്ദായിട്ടില്ല. ബഹുജനസിരക ളിൽ ഇഴുകിപ്പിടിച്ചിട്ടുള്ള ഫ്യൂഡലിസത്തിൻെറ ദുഷിച്ച വിശ്വാസങ്ങളും ധാരണകളും പിൻവാങ്ങിയിട്ടില്ല. പോരെ ങ്കിൽ ഏതു നിയമത്തേയും തരിമ്പിനു വകവെയ്ക്കാതെ കോഴയും സേവയും കൊണ്ടു താന്താങ്ങളുടെ കാര്യങ്ങൾ പിടിച്ചുപററുക എന്നുള്ള സാമൂഹ്യദ്രോഹകരമായ ആ നികൃഷ്ടപാരമ്പര്യം മികച്ച കച്ചവടതന്ത്രത്താൽ പരിപോ ഷിപ്പിക്കപ്പെട്ടങ്ങനെ ചുടലനൃത്തം ചെയ്യുകയാണ്. പറ ഞ്ഞാലൊടുങ്ങാത്ത ഇമ്മാതിരി കൊള്ളരുതായ്മകളെ അടി

ച്ചുനീക്കി കേരളം മനുഷ്യവാസയോഗ്യമാക്കാൻ നമ്മുടെ സാഹിത്യകാരന്മാർ ഒററക്കെട്ടായി നിന്നു് പൊരുതുന്നി ല്ലെങ്കിൽ ക്ഷന്തവ്യമല്ലാത്തൊരു കത്തവ്യവിലോപമായി ത്തീരും.''

☐ ''മനുഷ്യരാശിക്കു പുരോഗതി വേണമോ, സംഘടിത പരി ശ്രമം അത്യാവശ്യം. പക്ഷേ സംഘടനകരം മനുഷ്യപ്രയോ ജനകരങ്ങളായി ജീവിക്കണമോ, ബുദ്ധിധീരന്മാരായ വ്യക്തികരം സ്വതന്ത്രമായി ചിന്തിക്കുകയും പ്രവത്തിക്കു കയും വേണം. ഇടയൻെറ മുടിക്കോലിന്നു പാകത്തിൽ മോങ്ങുകയും നീങ്ങുകയുംചെയ്യുന്ന ഒരാട്ടിൻപററമല്ല മനുഷ്യ സമുദായം.''

☐ ''പറയാനൊന്നുണ്ടാവുക, എന്നിട്ട് പറയുക, അതു് പറ യേണ്ട മാതിരിയിലും – തീൻ സാഹിത്യമീമാംസ.''

☐ ''തപ്പി തപ്പിച്ചെല്ലുമ്പോരം ഭീതിവാദത്തിൻെറ പ്രയോ ക്താക്കളായി ചൂഷകരും, അവരുടെ വൈതാളികന്മാരും വിട്ടാൽ വേറെ അധികംപേരെ കാണുന്നില്ല. നിലനിർ ത്താൻ അവരാശിക്കുന്നതു സ്വന്തം താല്പര്യങ്ങളെയാണെ ന്നിരുന്നാലും, അവർ വീണ്ടും വീണ്ടും പറയുന്നതു മറി ച്ചാണു് – ഈശ്വരവിശ്വാസത്തേയും മററുമാണു് രക്ഷപ്പെട്ട ത്താൻ പോകുന്നതെന്നു്. ഒരുവിധത്തിൽ അങ്ങനെ പറ യുന്നതിന്നും അത്ഥമുണ്ടു്. ഈശ്വരവിശ്വാസത്തെ കാത ലായി പിടിച്ചു് അതിൻെറ പേരിൽ നൂററാണ്ടുകളായി തഴച്ചുയന്നിട്ടുള്ള എല്ലാററിനേയും സ്വകീയ താൽപ്പര്യ പരിപാലനത്തിനുവേണ്ടി ഉപയോഗിച്ചുപോന്നിട്ടുള്ളവ രാണു് അവർ. ഇനിയും ഉപയോഗിക്കണമെന്നുണ്ടവക്കു്. ഒരുപക്ഷേ ആ ധാമ്മികശക്തികളെല്ലാം നിറംപകന്നു മറുപക്ഷത്തേയ്ക്കു മാറിയേക്കുമോ എന്നവർ സംശയിക്കുന്നു

അങ്ങനെവരാതെ സൂക്ഷിക്കുവാൻ വെപ്രാളപ്പെട്ടുകയാണവർ. എന്നുവെച്ചാൽ ഇതേവരെ അനുഭവിച്ചുപോന്ന അത്യാവകാശങ്ങളം സമസ്തവും ധാർമ്മികശക്തിയുടെ അനുമതിയോടുകൂടിത്തന്നെ സംരക്ഷിക്കുവാൻ ശ്രമിക്കുന്നുവെന്നു് ചുരുക്കം.''

□ ''ഭൂരിപക്ഷം മനുഷ്യരും പ്രാകൃതബുദ്ധികളാണെന്നുള്ള വിവക്ഷയിന്മേലാവും, സംഘടനാപ്രവർത്തകന്മാർ തങ്ങളുടെ മക്കടമുഷ്ടി സ്വകീയ താല്പര്യബാധകമായിക്കൊള്ളുമെന്നു് വിശ്വസിക്കുന്നതു്. പക്ഷേ പൊതുജനങ്ങളം അടിക്കടി ബുദ്ധിജീവികളായി വളൎന്നുകൊണ്ടിരിക്കുന്നു എന്നതു് ഒരു സത്യമായിരിക്കേ, യാതൊരു മാററത്തിനും വഴങ്ങിക്കൊടുക്കാൻ കൂട്ടാക്കാത്ത ദുശ്ശാഠ്യം സംഘടനകളേയും തൽപ്രവർത്തകന്മാരെയും അധഃപതിപ്പിക്കയേ ഉള്ളൂ. ജനങ്ങൾക്കുണ്ടായ സംഘടന ജനങ്ങൾക്കാവശ്യമില്ലെങ്കിൽ അതിൻെറ അലകും പിടിയും മ്യൂസിയത്തിൽ എടുത്തുവെയ്ക്കാമെന്നു മാത്രം.''

□ ''നവീനന്മാർ ആശിക്കുന്നതുപോലെ, ശരീര മനസ്സുസ്ധാരണോപാധികൾ എല്ലാവൎക്കും എത്തിച്ചുകൊടുക്കുവാൻ– എന്നുവെച്ചാൽ, അങ്ങനെ, ഭൗതികാവശ്യങ്ങളിൽനിന്നു് എല്ലാവരേയും സ്വാതന്ത്ര്യം വ്യാപിപ്പിക്കുവാൻ – മനുഷ്യൻെറ കഴിവുകൾ മതിയാകുമോ? കേൾക്കുന്ന മാത്രയിൽ മിക്കവരേയും ഒന്നുഞെട്ടിക്കുന്നതാണു് ഈ ചോദ്യം. മനുഷ്യസമുദായത്തിൽ കാണുന്ന അററകുററങ്ങൾക്കെല്ലാം അദൃശ്യശക്തികളെ ഉത്തരവാദപ്പെടുത്തിപ്പോന്ന ഒരു പഴഞ്ചൻ വിശ്വാസം ഞരമ്പിൽ ഉറഞ്ഞു കിടക്കുന്നതിനാലാണു് പ്രസ്തുത ചോദ്യം അങ്ങനെ ഞെട്ടിക്കുന്നതു്. പക്ഷേ തലമുറ തലമുറയായി മനുഷ്യൻ മൂച്ചുകൂട്ടിപ്പോന്ന വിജ്ഞാനം ആ അന്ധതയിൽനിന്നു പൊങ്ങിയ വിശ്വാസത്തെ അരിഞ്ഞരിഞ്ഞു തള്ളിയിട്ടുണ്ടു്, തള്ളുന്നുമുണ്ടു്''

□ ''സാഹിത്യകാരന്ന് രാഷ്ട്രീയ സമരങ്ങളിൽ ജനകീയ പക്ഷത്തേ ചേരാൻ കഴിയൂ; സാമ്പത്തിക സമരത്തിൽ ചൂഷിതവർഗ്ഗത്തിന്റെ ചേരിയിൽ; സാമൂഹ്യവിപ്ലവങ്ങളിൽ മർദ്ദിതജനതയുടെ ഭാഗത്തും. കാരണം, അയാളുടെ നോട്ടത്തിൽ ജീവിതം പാരതന്ത്ര്യത്തിന്റെ മറുപുറമാണ്. യഥാർത്ഥ സ്വാതന്ത്ര്യമാണ്''

□ ''ചുരുക്കം ചില വ്യക്തികളുടെ ദുഃസ്വാതന്ത്ര്യത്തിനറുതി വരുത്തി, സ്വാതന്ത്ര്യത്തെ സാമൂഹ്യമായൊന്നു നിലവാരപ്പെടുത്തുക എന്നു വരുമ്പോൾ ആകമാനം നമ്മുടെ വീക്ഷണഗതിതന്നെ ഒന്നു മാറേണ്ടിയിരിക്കുന്നു ധർമ്മവും, അധർമ്മവും, നീതിയും അനീതിയും, വിധിയും നിഷേധവും, അവകാശവും ഔദാര്യവും, സഭ്യവും അസഭ്യവും, ഇങ്ങനെ ചിട്ടപ്പെടുത്തിവെച്ചിരുന്നവയുടെ എല്ലാം അതിർവരമ്പുകൾ മാററിയിടേണ്ടിവരും.''

□ ''സാമൂഹ്യ ജീവിതത്തിൽനിന്ന് ഒഴിഞ്ഞുനിന്നൊരു വ്യക്തിത്വമില്ല; എന്നാൽ വ്യക്തിത്വത്തിന്റെ സിദ്ധികളില്ലാതെ സാമൂഹ്യവളർച്ചയുമില്ല''

## യുക്‌തിവാദപ്രചരണവേദിയുടെ പ്രസിദ്‌ധീകരണങ്ങ

| | | | |
|---|---|---|---|
| 1 | എം. സി.യുടെ ദർശനങ്ങൾ | — എം. സി. | 40 00 |
| 2 | ക്രിസ്തു ക്രൂശിൽ മരിച്ചില്ല | ,, | 2 00 |
| 3 | ഹിപ്നോട്ടിസം ഒരു പാഠപുസ്തകം | — ഡോ. പി. കെ. നാരായണൻ | 10 00 |
| 4 | വിശ്രമം ഉണർവ്വിന് | ,, | 10 00 |
| 5 | വളയുന്ന നേർവര (കാർട്ടൂണുകൾ) | — ടി പി. കുഞ്ഞിരാമൻ | 4 00 |
| 6 | യുക്തിവാദത്തിന്റെ കാലിക പ്രസക്തി | — ജോസഫ് വടക്കൻ | 4 00 |
| 7 | യുക്തിരശ്മി | — ആർ. കൃഷ്ണൻകുട്ടിനായർ | 10 00 |
| 8 | ഭാരതീയദർശനം | — നാരായണൻ പേരിയ | 3 00 |
| 9 | ഇസ്ലാംമതവും സോഷ്യലിസവും | ,, | 3 00 |
| 10 | വി.ടി. എന്ന വിപ്ലവകാരി | — എം. പ്രഭ | 2 00 |
| 11 | മതം സാമൂഹ്യപുരോഗതിയുടെ ശത്രു | — യു. കലാനാഥൻ | 3 00 |
| 12 | ആത്മാവ്–സങ്കല്പമോ യാഥാർത്ഥ്യമോ? | ,, | 3 00 |
| 13 | ഞാൻ എന്തുകൊണ്ട് ക്രിസ്ത്യാനിയല്ല | — ബർട്രാൻറ് റസ്സൽ | 4 00 |
| 14 | യുക്തിവാദിയുടെ സാമൂഹ്യവീക്ഷണം | — ഏററുമാന്നൂർ ഗോപാലൻ | 2 00 |
| 15 | പ്രകൃത്യാതീത പ്രതിഭാസം വെറും മിഥ്യ | — ഡോ. എ. ടി. കോവൂർ | 3 00 |
| 16 | മരണാനന്തരം ജീവിതമുണ്ടോ? | ,, | 2 00 |
| 17 | ബൈബിൾ സദാചാരത്തിന് അപകടകാരിയായ മാർഗ്ഗദർശി | ,, | 1 50 |
| 18 | ജ്യോത്സ്യം–സത്യവും മിഥ്യയും | — എം. ബി.കെ. | 4 00 |
| 19 | ഇസ്ലാമിൽ സ്ത്രീ സുരക്ഷിതയാണോ? | — എൻ. വി. സുഹറ | 2 00 |
| 20 | മനുഷ്യൻ വിശ്വാസിയായതെങ്ങനെ? | — എം. ബി. കെ. | 15 00 |
| 21 | യുക്തിചിന്തയും ജീവിതവും | — സി. നാരായണൻ | 12 00 |
| 22 | ഇസ്ലാമും വിഗ്രഹാരാധനയും | — എം. ബി. കെ. | 10 00 |
| 23 | യുക്തിവാദം | — കുററിപ്പുഴ കൃഷ്ണപിള്ള | 5 00 |

ആവശ്യപ്പെടുക :

എ. വി. ജോസ്, യുക്തിവിചാരം, കുററിപ്പുഴ നഗർ
തൃശ്ശൂർ–680 004

(ആവശ്യമുള്ള പുസ്തകങ്ങളുടെ വില മുൻകൂർ അയച്ചാൽ പോസ്റ്റേജ് സൗജന്യമായി പുസ്തകം അയച്ചുതരുന്നതാണ്. വി. പി. ഏർപ്പാടില്ല.)

# പ്രൊഫ. ജോസഫ് മുണ്ടശ്ശേരി

അദ്ധ്യാപകൻ, സാഹിത്യനിരൂപകൻ, സ്വതന്ത്രചിന്തകൻ, നിയമസഭാ സാമാജികൻ, മന്ത്രി, വാഗ്മി, സഹകാരി, വൈസ് ചാൻസലർ എന്നിങ്ങനെ കേരളത്തിന്റെ സാഹിത്യ - രാഷ്ട്രീയ - സാംസ്കാരിക മണ്ഡലങ്ങളിലാകെ വ്യാപിച്ചുനിന്ന അസാധാരണ വ്യക്തിത്വത്തിന്റെ ഉടമയായ പ്രൊഫ. ജോസഫ് മുണ്ടശ്ശേരിയുടെ ലഘുജീവചരിത്രമാണിത്. മുണ്ടശ്ശേരിയുടെ സഹപ്രവർത്തകനായിരുന്ന വാസുമാസ്റ്ററാണിതിന്റെ കർത്താവ്. മുണ്ടശ്ശേരിയുടെ ജീവിതത്തെപ്പറ്റി അറിയുവാൻ അദ്ദേഹം രചിച്ച സാമാന്യം വിപുലമായ ആത്മകഥ - കൊഴിഞ്ഞ ഇലകൾ - നമുക്കു ലഭ്യമാണ്. ജീവചരിത്രസംബന്ധമായ വേറെ ചില കൃതികളും പ്രസിദ്ധീകൃതമായിട്ടുണ്ട്. വാസുമാസ്റ്റർ ഇവിടെ ശ്രമിക്കുന്നത് ആ ജീവിതത്തിലെ നാഴികക്കല്ലുകൾ തൊട്ടുകാണിക്കുവാൻ മാത്രമാണ്. പ്രധാനമായും വിദ്യാർത്ഥികളെ ഉദ്ദേശിച്ചാണ് മാസ്റ്ററുടെ ഈ പരിശ്രമം.

**യുക്തിവാദ പ്രചരണവേദി**

തൃശൂർ - 680 004

വില : 20.00